കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂന്നിലവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി-14/1942/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 23/12/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നിലവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി-14/1942/23 തീയ്യതി: 23/12/2023

കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2022 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബീനാകുമാരി സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	15-11-2023	22-11-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-11-2023	22-11-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
രഞ്ജിത്ത് എം, അസി. ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ജോഷി ജോഷ്വ	പ്രസിഡന്റ്	01-04-2022	22-01-2023
പി എൽ ജോസഫ്	പ്രസിഡന്റ്	23-01-2023	31-03-2023
റെനി സൈമൺ	സെക്രട്ടറി	01-04-2022	08-07-2022

ഷിനു ജോർജ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-07-2022	22-07-2022
റെനി സൈമൺ	സെക്രട്ടറി	23-07-2022	01-10-2022
എം സൗമ്യ	സെക്രട്ടറി	02-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
നിഷ മാമ്മൻ	കൃഷി ഓഫീസർ	01-04-2022	10-10-2022
അശ്വിനി	കൃഷി ഓഫീസർ	11-10-2022	31-03-2023
അനീറ്റ ജോസഫ്	മെഡിക്കൽ ഓഫീസർ , പി എച്ച് സി	01-04-2022	31-03-2023
നിമ്മി ജോർജ്	മെഡിക്കൽ ഓഫീസർ ,ഹോമിയോ	01-04-2022	31-03-2023
റസ്നി പി കെ	അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി)	01-04-2022	28-05-2022
ജയപ്രകാശ് ആർ	അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി)	29-05-2022	07-08-2022
ദീപ്തി എസ് ജി	അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി)	08-08-2022	31-03-2023
സവിത ശശി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	29-12-2022
ശോഭനകുമാരി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	30-12-2022	31-03-2023
സുനിത് ഗോപാലകൃഷ്ണൻ	വി ഇ ഒ	01-04-2022	18-04-2022
സബിത കെ എം	വി ഇ ഒ	19-04-2022	31-03-2023
സജിനി ജോസഫ്	വെറ്റിനറി സർജൻ	01-04-2022	30-09-2022
വിന്നിമോൾ	വെറ്റിനറി സർജൻ	01-10-2022	31-03-2023
റൊണാൾഡ് വിൽസൺ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
മാത്യു കെ ജോസഫ്	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ലോൺ തിരിച്ചടവ് - ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-2
4	ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല	1-1-3
5	ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-5
7	പഞ്ചായത്തിൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല	1-1-6
8	കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-7
9	ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല	1-1-8
10	ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല	1-1-9
11	അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-10
12	വരവിനങ്ങളുടെ ഡി.സി.ബി കണക്കാക്കി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല	1-1-11
13	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-12
14	മൂല്യശോഷണം ആസ്തി മൂല്യത്തിൽ അധികരിച്ചു	1-1-13
15	ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷക്ത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല	1-1-14
16	ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവായി അക്കൗണ്ട് ചെയ്തിട്ടില്ല	1-1-15
17	ബജറ്റ്	1-2
18	സാമ്പത്തിക വിശകലനം	1-3
19	ഗ്രാന്റ് വിനിയോഗം	1-4
20	പദ്ധതിഅവലോകനം.	1-5
21	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി	1-6
22	ക്ഷേമ പദ്ധതികൾ	1-7
23	ക്യാഷ്ബാലൻസ് പരിശോധന	1-8
24	ആഭ്യന്തരനിയന്ത്രണം	1-9
25	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
26	സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു	1-11
27	വസ്തുനികുതി നിർണ്ണയത്തിൽ സ്വിമ്മിങ് പൂൾ ഉൾപ്പെടുത്തിയില്ല	1-12
28	ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-13
29	വാണിജ്യ,പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം - ഒക്യുപ്പൻസി അനുവദിക്കാത്തത് സംബന്ധിച്ച്	1-14
30	ടൂറിസം അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഫാംഹൗസിന് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു	1-15
31	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-16
32	ലൈസൻസില്ലാതെ ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നു	1-17

33	വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു	1-18
34	ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു	1-19
35	അധിക വിഭവ സമാഹരണം - അവലോകനം	1-20
36	ബി 4 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ മുതൽകൂട്ടേണ്ടതാണ്	1-21
37	ഓണം അഡ്വാൻസ് - ബാലൻസ് തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്	1-22
38	ലൈഫ് ഭവന പദ്ധതി ഫണ്ട് ക്രമക്കേട്-വിജിലൻസ് കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്തത് ക്രമപ്രകാരമല്ല.	1-23
39	പ്ലാസ്റ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ - മെഷീൻ ലഭ്യമായിട്ടില്ല	1-24
40	വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- 1759134/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-25
41	കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.	1-26
42	ആസ്തി വിവരങ്ങൾ കാലികമാക്കൽ- പൂർത്തീകരിച്ചിട്ടില്ല.	1-27
43	11-ാം വാർഡിൽ ചകിണിയാംതടം കല്ലോലിക്കൽ ഭാഗം കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- അപാകതകൾ	1-28
44	അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.	1-29
45	പരമ്പരാഗത സ്വയം തൊഴിലുകളുടെ വനിതാ ഗ്രൂപ്പ് (എസ്.റ്റി) - അനുവദിക്കാവുന്നതിലും അധികമായി സബ്സിഡി അനുവദിച്ചു	1-30
46	ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ -വിശദമായ മൂല്യനിർണ്ണയം നടത്താതെ തുക അനുവദിക്കുന്നു.	1-31
47	ആശ്രയ റ്റി എസ് പി	1-32
48	മൃഗാശുപത്രിയിലേയ്ക്ക് ലാപ് ടോപ് പ്രിന്റർ വാങ്ങൽ-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.	1-33
49	വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-വാറന്റി വിവരങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.	1-34
50	സ്ഥിരം കൃഷിക്ക് കൂലിച്ചെലവ്- അപാകതകൾ	1-35
51	ഓഡിറ്റ് ഇംപാക്ട് - ഗോത്രസാരഥി പദ്ധതി- വാഹനവാടക അധിക നിരക്കിൽ നൽകിയത് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് സർക്കാരിലേക്ക് ഒടുക്കി	1-36
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	പരമ്പരാഗത സ്വയം തൊഴിലുകളുടെ വനിതാ ഗ്രൂപ്പ് (എസ്. റ്റി.)- അനുവദിക്കാവുന്നതിലും അധികമായി സബ്സിഡി അനുവദിച്ചു.	3-1
2	ലൈഫ് ഭവന പദ്ധതി ഫണ്ട് ക്രമക്കേട്-വിജിലൻസ് കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്തത് ക്രമപ്രകാരമല്ല.	3-2
	ഭാഗം 4	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9

10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മൂന്നിലവ് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 06/07/2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 07/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂന്നിലവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു .

1-1-1 ലോൺ തിരിച്ചടവ് - ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല.

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ്, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1-1-3 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01.04.2011ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011 ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-6 പഞ്ചായത്തിൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

1. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B5 ഷെഡ്യൂളിലെ 330500201 - Secured Loans ശീർഷകത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം പരിശോധിക്കുവാൻ സാധിച്ചില്ല

2. 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം കെ യു ആർ ഡി എഫ് സി ലോൺ തിരിച്ചടയ്ക്കുവാനുണ്ടായിരുന്ന തുകയിൽ 961/- രൂപയുടെ കുറവുണ്ടായിരുന്നു. ആയത് 31.03.2023 വരെയും ക്രമീകരിച്ചിട്ടില്ല.

1-1-7 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന് ലഭ്യമാകാനുള്ള നികുതി നികുതിയേതര വരവുകളിലെ കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-8 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല

Suppliers' EMD , Contractors Retention ഇനങ്ങളിലെ ഡെപ്പോസിറ്റ് രജിസ്റ്റർ രേഖപ്പെടുത്തൽ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-10 അഡ്വാൻസ് രജിസ്റ്റർ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

1. B18 ഷെഡ്യൂളിലെ അഡ്വാൻസ് തുകകളുടെ മുന്നിരിപ്പ് തുകകളുടെ വിവരങ്ങളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ ലഭ്യമല്ല.
2. B18 ഷെഡ്യൂളിൽ 460500501, 460509901 എന്നീ ശീർഷകങ്ങളിലെ തുകകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല.

1-1-11 വരവിനങ്ങളുടെ ഡി.സി.ബി കണക്കാക്കി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾരജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഭൂരിഭാഗം രേഖപ്പെടുത്തലുകളും വാർഷിക കണക്ക് B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ലൈഫ് (സംസ്ഥാന വിഹിതം), സർവ്വ ശിക്ഷ അഭിയാൻ , ഗുണഭോക്തൃവിഹിതം , ശുചിത്വ മിഷൻ , സാക്ഷരത എന്നിവയുടെയെല്ലാം എ സി ആർ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല . ഫണ്ടുകളുടെ മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്യുന്നില്ല.

1-1-13 മൂല്യശോഷണം ആസ്തി മൂല്യത്തിൽ അധികരിച്ചു

31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 416100107 ശീർഷകത്തിൽ Accumulated Depreciation - Vehicles ന്റെ മൂല്യശോഷണം ആസ്തിയിൽ അധികരിച്ചതായി കാണുന്നു. ആയതിന്റെ വിശദാംശം കാൽക്കുലേഷൻ ഷീറ്റിലൂടെ സെക്രട്ടറി വ്യക്തമാക്കിയിട്ടില്ല.

1-1-14 ഭൂജല വകുപ്പിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷക്കത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല

പ്രോജക്ട് നം. 234/23 – 8-ാം വാർഡിൽ ഫ്രണ്ട്സ് കോളനി കുടിവെള്ള പദ്ധതി പ്രകാരം ഭൂജല വകുപ്പിൽ നിക്ഷേപിച്ച 200000/- രൂപ നിക്ഷേപ ശീർഷകത്തിൽ ഉൾപ്പെട്ടിട്ടില്ല. മുൻകൂർ നൽകുന്ന തുക കൃത്യമായ ശീർഷകത്തിൽ (460500202) അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-15 ബ്ലോക്ക് പഞ്ചായത്ത് വിഹിതം വരവായി അക്കൗണ്ട് ചെയ്തിട്ടില്ല

പ്രോജക്ട് നം. 234/23, 160/22 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി പഞ്ചായത്തിന് ലഭ്യമായ 680000/-രൂപ വരവായി (കണക്ക് ശീർഷകം 160300101) അക്കൗണ്ട് ചെയ്തിട്ടില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20/02/2023 തീയതിയിലെ 2-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യാഥാർത്ഥത്തിലുള്ളത്
മുന്നിരിപ്പ്	24,29,406	-10,51,923
വരവ്	17,47,54,000	15,96,80,000
ആകെ	17,71,83,406	15,86,28,077
ചെലവ്	17,62,35,500	16,10,22,728
നീക്കിയിരിപ്പ്	9,47,906	-23,94,651

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	6061185
ഓഡിറ്റ് വർഷത്തെ വരവ്	21251488
ആകെ	27312673
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	18203637
നീക്കിയിരിപ്പ്	9109036

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

ഇനം	തുക
ആകെ വരുമാനം	61931850
ആകെ ചെലവ്	66179027
വരുമാന നഷ്ടം	4247177
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	2471
അറ്റ പ്രവർത്തന നഷ്ടം	4249648

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	40065
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4975372

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	ബജറ്റ് വിഹിതം	ആകെ	ചെലവ്	സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	12031810	12031810	10962964	1068846	91.11
വികസനഫണ്ട് എസ്.സി.പി.	0	1645190	1645190	1407059	238131	85.52
വികസനഫണ്ട് ടി.എസ്.പി.	0	3167000	3167000	3006593	160407	94.93
സംരക്ഷണഗ്രാന്റ് റോഡ്	0	10818000	10818000	5155932	5662068	47.66
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4570000	4570000	3435856	1134144	75.18
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)	992550	2165547	3158097	1422352	1735745	45.03
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	1966510	3586378	5552888	2534359	3018529	45.64
എം. ജി. എൻ.	204416	14160167	14364583	14354905	9678	99.93

ആർ. ഇ. ജി. എസ്						
ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം	601164	361764	962928	156430	806498	16.24
ശുചിത്വമിഷൻ ഗ്രാന്റ്	1529908	71978	1601886	143767	1458119	8.97
സ്വച്ഛഭാരത് അഭിയാൻ	0	346026	346026	346026	0	100
ഹെൽത്ത് ഗ്രാന്റ്	0	381066	381066	257482	123584	67.56

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1310231/-രൂപ, 199598/-രൂപ 860643/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിറലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ശുചിത്വമിഷൻ ഗ്രാന്റ് ചെലവ് വാർഷിക കണക്കിൽ ഉള്ളത് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നുമില്ല. ടി അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

1-5 പദ്ധതിഅവലോകനം.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 16.07.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണസമിതിയുടെ 06.03.2023 ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്.
വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

ഘട്ടം	തീയതി
വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ചത്	2(2)/ 08.12.2021
വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി	20.05.2022
പദ്ധതിരൂപീകരണ ഗ്രാമസഭകൾ	22.05.2022 മുതൽ 29.05.2022 വരെ
ആസൂത്രണസമിതി യോഗം	19.05.2022
വികസനസെമിനാർ	25.06.2022
ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ	16.10.2022
വികലാംഗ ഗ്രാമസഭ	17.06.2022
ഊരുകൂട്ടം	22.05.2022

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം	പദ്ധതി	നടപ്പാക്കിയത്	പദ്ധതി	നടപ്പാക്കാത്തവ	പൂർത്തീകരിച്ച

ലഭിച്ചത് (എണ്ണം)	അടങ്കൽ	(എണ്ണം)	ചെലവ്	(എണ്ണം)	പ്രോജക്ടുകളുടെ ശതമാനം
198	61421827	145	31368986	53	73.23

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം	ആകെ അടങ്കൽ	തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം	ആകെ ചെലവ്
കൃഷി ഓഫീസർ	12	789300	12	601093
വെറ്റിനറി സർജൻ	9	2221652	8	2016566
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	8	3050935	7	2877782
മെഡിക്കൽ ഓഫീസർ ഹോമിയോ	3	824000	3	824000
വി.ഇ.ഒ	16	16674405	13	3668031
ഐ.സി.ഡി.എസ് സൂപ്പർവൈസർ	11	2911000	9	2055868
സെക്രട്ടറി	38	8718225	33	7384304
അസിസ്റ്റന്റ് എൻജിനീയർ	94	24379953	53	10412068
ഡയറി ഫാം ഇൻസ്ട്രക്ടർ	3	1037350	3	714550
ഹെഡ് മാസ്റ്റർ, ഗവ. യു പി. സ്കൂൾ	4	815007	4	814724
ആകെ	198	61421827	145	31368986

8263596/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റു തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 8263596/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ബജറ്റ് വിഹിതം	ചെലവഴിച്ച തുക	സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത്
വികസന ഫണ്ട് (പൊതുവിഭാഗം)	12031810	10962964	1068846
വികസന ഫണ്ട് (എസ്.സി.പി)	1645190	1407059	238131
വികസന ഫണ്ട് (ടി.എസ്.പി)	3167000	3006593	160407
സംരക്ഷണ ഗ്രാന്റ് (റോഡ്)	10818000	5155932	5662068
സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)	4570000	3435856	1134144
ആകെ			8263596

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 82 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- നിക്ഷേപ പ്രവൃത്തികൾ- 5366781 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 5366781/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 2009256/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 2151925/- രൂപയുടെ വിനിയോഗ വിവരവും, പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ച 725600/- രൂപയുടെ വിവരവും, മറ്റ് അംഗീകൃത ഏജൻസികളിൽ നിക്ഷേപിച്ച 480000 രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2022-23 വർഷം 67 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 56 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 56 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 20 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 143.54 ലക്ഷം രൂപ. 32936 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 141 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള അയൽകൂട്ടങ്ങളിൽ 19 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 466 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി കയ്യാല നിർമ്മാണം, തോടുകളുടെ നവീകരണവും തടയണ നിർമ്മാണവും, ഫലവൃക്ഷതൈകൾ വച്ചുപിടിപ്പിക്കലും തുടർ സംരക്ഷണവും തുടങ്ങിയ പ്രവൃത്തികളും തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
കാഷ്	204416	756220	960636	950958	9678
ഇ.എഫ്.എം.എസ്	0	13403947	13403947	13403947	0

ആകെ	204416	14160167	14364583	14354905	9678

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	436800	43
വിധവാ പെൻഷൻ	2849800	256
വാർദ്ധക്യകാല പെൻഷൻ	8470200	769
വികലാംഗ പെൻഷൻ	1218000	113
അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ	361600	31

1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 15/11/2023-ന് 03:15 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി . പ്രസ്തുത പരിശോധനയിൽ 6368/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം ഭാഗികമായി തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നണ്ട്. എന്നാൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതിലും മോണിട്ടറിംഗ് നടത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	22.10.2022	03/2022	ലഭിച്ചിട്ടില്ല-
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	20.09.2023 - 03.10.2023	2018-19 മുതൽ 2022-23 വരെ	AMG 1 Wing/23-24 /Dis-1242186 തീയതി :

			01.11.2023

1-11 സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായും പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പെതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തിയുടെ പേരിലും സർവേ നമ്പറിലുമുള്ള സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഉടമയുടെ പേര്	കെട്ടിട നമ്പർ	സർവ്വേ നമ്പർ/വില്ലേജ്	വഴി സൗകര്യം	മേഖല
ലിസ്സി കൊച്ചുപറമ്പിൽ	7/12A (പാർപ്പിടാവശ്യം)	282/8-3 മൂന്നിലവ് വില്ലേജ്	1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം (അഞ്ചുമല പള്ളി റോഡ്)	ദ്വിതീയം
	7/12B (പാർപ്പിടാവശ്യം)	282/8-3 മൂന്നിലവ് വില്ലേജ്	പൊതുവഴി സൗകര്യം ഇല്ല	തൃതീയം

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 21/21.11.2023) മറുപടിയായി മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഫോം - 6 ഹാജരാക്കി. സഞ്ചയ പരിശോധിച്ചപ്പോൾ മറ്റ് കെട്ടിടങ്ങളുടെ അസസ്സ്മെന്റിലും ഇതേ അപാകതകൾ ഉള്ളതായി കാണുന്നു (ഉദാ - കെട്ടിട നം.2/106 A ,കെട്ടിട നം.2/106 B). പഞ്ചായത്തിലെ വിവിധ വാർഡുകളിലെ അസസ്മെന്റ് രജിസ്റ്ററുകൾ വിശദമായി പരിശോധിച്ച് ഇപ്രകാരമുള്ള അപാകത ആവർത്തിക്കുന്ന മറ്റ് കെട്ടിടങ്ങൾ കൂടി കണ്ടെത്തി വസ്തുനികുതി പുനർ നിർണ്ണയിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വസ്തുനികുതി നിർണ്ണയത്തിൽ സ്വിമ്മിങ് പൂൾ ഉൾപ്പെടുത്തിയില്ല

ശ്രീ. അനീഷ് ജോർജ്, ശ്രീ മാത്യു കുര്യാസ്, കാട്ടാമ്പാക്ക് പി. ഓ എന്നിവരുടെ ഉടമസ്ഥതയിൽ പഞ്ചായത്ത് നാലാം വാർഡിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളിൽ ' ഹെൽത്തക്കേഷൻ റിസോർട്ട് ' എന്ന പേരിലുള്ള സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ടി കെട്ടിടങ്ങളെ 'റിസോർട്ട്' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തി 4/125 A - K എന്നീ

നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. 'ഹെൽത്തക്കേഷൻ റിസോർട്ട് ' എന്ന സ്ഥാപനത്തിന്റെ വെബ്സൈറ്റ്, സ്ഥാപനം ലിസ്റ്റ് ചെയ്തിട്ടുള്ള ബുക്കിങ് വെബ്സൈറ്റുകൾ എന്നിവ പരിശോധിച്ചപ്പോൾ സഞ്ചാരികൾക്കായി ഔട്ഡോർ പൂൾ സൗകര്യം ഏർപ്പെടുത്തികൊണ്ടാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടത്തിൽ ചട്ടം 3(3) പ്രകാരം ഒരു കെട്ടിടത്തിനോടനുബന്ധിച്ച് സ്വിമ്മിങ് പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ സ്വിമ്മിങ് പൂൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല. വസ്തുനികുതി നിർണ്ണയത്തിൽ സ്വിമ്മിങ് പൂൾ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 06/18.11.2023) മറുപടിയായി 60 ച.മീ. വിസ്തീർണ്ണമുള്ള സ്വിമ്മിങ് പൂൾ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് വസ്തു നികുതി പുനർ നിർണ്ണയിച്ച് ഫോം - 6 ഹാജരാക്കി. എന്നാൽ ടി സ്വിമ്മിങ് പൂൾ പെർമിറ്റിലധികരിച്ചുള്ള അനധികൃത നിർമ്മാണമാണ്. ആയത് പരിശോധിച്ച് മതിയായ ക്രമവൽക്കരണ ഫീസും കുടിശിക സഹിതമുള്ള വസ്തുനികുതിയും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള ഇത്തരം അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നതിനും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	5/169 A	മാത്യു ജോസഫ്	മങ്കൊമ്പ് -	5 മീറ്ററിൽ കൂടുതൽ

		കീരിയാനിക്കൽ	ഇടത്തുങ്കൽപ്പാറ	വീതിയുള്ള റോഡ്
2	5/150 A	ചാർളി ചാക്കോ കൊച്ചുപുരയ്ക്കൽ		1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ്
3	11/57 C	ജയ വിലങ്ങുകല്ലുങ്കൽ	ചകിണിയാംതടം - കൊച്ചുപുരക്കുന്ന്	5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
4	11/56 D	ജയൻ പി വി		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/21.11.23) മറുപടിയായി അപാകത പരിഹരിച്ച് ഫോം 6 സ്റ്റേറ്റ്മെന്റ് ഹാജരാക്കി. റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-14 വാണിജ്യ,പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം - ഒക്യുപ്പൻസി അനുവദിക്കാത്തത് സംബന്ധിച്ച്

മൂന്നിലവ് വില്ലേജ്, ബ്ലോക്ക് നമ്പർ 57 ൽ സർവ്വേ നമ്പർ 2232 റീ സർവേ നമ്പർ 214/1 ലുള്ള 11.70 ആർ ഭുമിയിൽ 6.05 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തോട് ചേർന്ന് 2 നിലകളുള്ള പാർപ്പിട - വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ. തോമസ് ജോർജ്, അമ്മിയാനിക്കൽ എന്നയാൾക്ക് 09.09.2021-ൽ A3-BA (315698)/2021 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. 299.67 ച.മീ. ബിൽറ്റപ്പ് ഏരിയ ഉള്ള കെട്ടിടത്തിനായാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത് . ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ.

1. തറനിരപ്പ് നിലയിലെ പെർമിറ്റിലധികരിച്ചുള്ള നിർമ്മാണം - ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ അപാകത

മേൽ കെട്ടിടത്തിന്റെ തറനിരപ്പ് നിലയുടെ നിർമ്മാണം പൂർത്തീകരിച്ചതിനെത്തുടർന്ന് നമ്പറിങ്ങിനായി 05.11.2022 തീയതിയിൽ കെട്ടിട ഉടമ പാർഷ്യൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയും എൻജിനീയറിങ് വിഭാഗം സ്ഥലപരിശോധന നടത്തി കെട്ടിട നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുകയും ആയതിൻ പ്രകാരമുള്ള ന്യൂനതകൾ പരിഹരിച്ചതിനെത്തുടർന്ന് കെട്ടിടത്തിന്റെ തറനിരപ്പ് നിലയ്ക്ക് പഞ്ചായത്തിൽ നിന്നും 8/219 C-G എന്നീ നമ്പറുകൾ അനുവദിച്ചു നൽകുകയും ചെയ്തു. തറനിരപ്പ് നിലയിൽ 144.02 ച.മീ. ബിൽറ്റപ്പ് ഏരിയയ്ക്കാണ് നിർമ്മാണ അനുമതി ഉണ്ടായിരുന്നത്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം തറനിരപ്പ് നിലയുടെ ബിൽറ്റപ്പ് ഏരിയ 219.97 ച.മീ. ആണ്. പെർമിറ്റിലധികരിച്ച് നിർമിച്ച 75.95 ച.മീ. കെട്ടിട ഭാഗത്തിന് ക്രമവൽക്കരണ ഫീസ് ഈടാക്കേണ്ടതായിരുന്നു . എന്നാൽ 44.91 ച.മീ. വിസ്തീർണ്ണത്തിന് മാത്രമാണ് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടുള്ളത്.

2. ഫസ്റ്റ് ഫ്ലോർ - ഒക്ക്യൂപൻസി അനുവദിക്കാത്ത കെട്ടിടം പാർപ്പിടാവശ്യത്തിനായി ആളുകൾക്ക് വാടകയ്ക്ക് നൽകുന്നു

മേൽ കെട്ടിടത്തിന്റെ തറനിരപ്പ് നിലയുടെ നമ്പറിങ്ങിനായി നൽകിയ അപേക്ഷയിന്മേൽ എഞ്ചിനീയറിങ് വിഭാഗം കെട്ടിടത്തിൽ നടത്തിയ പരിശോധനയിൽ ഫസ്റ്റ് ഫ്ലോറിന്റെ നിർമ്മാണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുകയും ആയത് കെട്ടിട ഉടമയെ അറിയിച്ചുകൊണ്ട് പഞ്ചായത്ത് സെക്രട്ടറി 06.12.2022 ൽ ഉടമയ്ക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടി അപാകതകൾ പരിഹരിച്ച് കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതായി കാണിച്ച് ഫസ്റ്റ് ഫ്ലോറിന്റെ നമ്പറിങ്ങിനായി കെട്ടിട ഉടമ 21.12.2022 തീയതിയിൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ടി അപേക്ഷയിന്മേലുള്ള തുടർ നടപടികൾ സംബന്ധിച്ച് ഫയലിൽ രേഖപ്പെടുത്തലുകളില്ല. സഞ്ചയ പരിശോധിച്ചപ്പോൾ ഫസ്റ്റ് ഫ്ലോറിന് നാളിതുവരെയും കെട്ടിട നമ്പർ അനുവദിച്ച് നൽകിയതായി കാണുന്നില്ല. നിലവിൽ

ടി കെട്ടിടം വാടകയ്ക്ക് നല്കിയിരിക്കുന്നതായാണ് ഭൗതിക പരിശോധനയിൽ കണ്ടത്.

3. പെർമിറ്റിലധികരിച്ചുള്ള നിർമ്മാണം - ക്രമവൽക്കരിച്ചില്ല

I) കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഫസ്റ്റ് ഫ്ലോറിന്റെ ആകെ ബിൽറ്റപ്പ് ഏരിയ 221.84 ച.മീ. (സ്റ്റെയർ റൂം, വരാന്ത ഉൾപ്പടെ) ആണ്. എന്നാൽ കെട്ടിട ഉടമ പെർമിറ്റെടുത്തിട്ടുള്ളത് 155.78 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ്. ഏകദേശം 66.06 ച.മീ. കെട്ടിടഭാഗത്തിന്റെ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതുണ്ട്.

Ii) ഭൗതിക പരിശോധനയിൽ കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിന്റെ ടെറസിൽ ജി ഐ റൂഫിങ് ചെയ്തിട്ടുള്ളതായാണ് കാണുന്നത് . കംപ്ലീഷൻ പ്ലാൻ പ്രകാരം റൂഫിങ്ങിന്റെ വിസ്തീർണ്ണം 34.04 ച.മീ. ആണ്. എന്നാൽ കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ചിരുന്ന പ്ലാനിൽ ടി റൂഫിങ് ഉൾപ്പെടുത്തിയിരുന്നില്ല . ആയതിനാൽ അനധികൃതമായി നിർമ്മിച്ച മേൽക്കൂരയുടെ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതുണ്ട്. കൂടാതെ ടി ഭാഗം വസ്തു നികുതി നിർണ്ണയത്തിനായും പരിഗണിക്കേണ്ടതാണ്.

മേൽ കെട്ടിടത്തിൽ പെർമിറ്റിലധികരിച്ച് 176.05 ച. മീറ്റർ (75.95 + 66.06 + 34.04) നിർമ്മാണം നടന്നിട്ടുണ്ട്. ആയതിൽ 131.14 ച.മീ. (176.05 - 44.91) കെട്ടിട ഭാഗമാണ് ക്രമവൽക്കരിക്കുവാൻ അവശേഷിക്കുന്നത് . കൂടാതെ 23.85 ച.മീ വിസ്തീർണ്ണമുള്ള വരാന്ത ഭാഗം പെർമിറ്റിനായുള്ള അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പ്ലാനിൽ ഉൾപ്പെട്ടിരുന്നെങ്കിലും പഞ്ചായത്തിൽ നിന്നും പെർമിറ്റ് ഫീ ഈടാക്കിയില്ല. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നമ്പറിങ്ങിനായി 21.12.2022 ൽ അപേക്ഷ ലഭിച്ചിരുന്നെങ്കിലും കെട്ടിടത്തിന് നമ്പർ അനുവദിച്ചിട്ടില്ല. നിലവിൽ കെട്ടിടം അനധികൃതമായി ഉപയോഗിച്ച് വരുകയാണ്. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (നം.12/20.11.2023) നൽകിയിരുന്നു. തുടർന്ന് കെട്ടിടത്തിന് ക്രമവൽക്കരണ ഫീസ് (രസീത് നം. 1230201166 /20.11.23) ഈടാക്കി 8/219 H - L വരെ കെട്ടിട നമ്പറുകൾ അനുവദിച്ചുനല്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഫസ്റ്റ് ഫ്ലോറിലുള്ള അപ്പാർട്മെന്റുകൾ 2022-23 വർഷം മുതൽ പഞ്ചായത്തിൽ നിന്നുമുള്ള ഒക്കുപ്പൻസി ഇല്ലാതെ തന്നെ ആളുകൾക്ക് വാടകയ്ക്ക് നല്കിയിരിക്കുകയായിരുന്നു. കെട്ടിട ഉടമ, 21.12.2022 തീയതിയിൽ നമ്പറിങ്ങിനായി നൽകിയ അപേക്ഷയിന്മേൽ നടത്തിയ പരിശോധനയിൽ കെട്ടിട നിർമ്മാണ ചട്ടം 42(4), 76(2), 35(1)(3) പ്രകാരമുള്ള നിർമ്മിതികൾ ഇല്ല എന്ന് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്തതിനാലാണ് കെട്ടിട നമ്പർ അനുവദിക്കാതിരുന്നത് എന്നാണ് മറുപടിയായി അറിയിച്ചത്. I L G M S ൽ നിന്നുമുള്ള നോട്ട് ഫയൽ പരിശോധിച്ചപ്പോൾ 27.12.2022 തീയതിയിൽ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി കെട്ടിട ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട് . ഫയൽ പരിശോധിച്ചപ്പോൾ കംപ്ലീഷൻ പ്ലാൻ, പൂർത്തീകരണ സാക്ഷ്യപത്രം, എന്നിവ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ചട്ടം 42(4), ചട്ടം 76(2), ചട്ടം 35(1)(3) പ്രകാരമുള്ള ന്യൂനതകൾ പരിഹരിച്ചതായുള്ള സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ടും ഫയലിൽ ചേർത്തിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയറുടെ പ്രസ്തുത റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്താത്തതിനാൽ എന്നുമുതലാണ് കെട്ടിടത്തിന് നമ്പർ അനുവദിക്കാവുന്നത് എന്ന് കൃത്യമായി പറയുവാൻ സാധിക്കുന്നില്ല. പിന്നീട് ഒരു വർഷത്തോളമായിട്ടും കെട്ടിടത്തിന് നമ്പർ ഇട്ടു നൽകാത്തത്തിന് കാരണം വ്യക്തമല്ല. പരിഹരിക്കാനാവുന്ന അപാകതകൾ മാത്രമുള്ള നിർമ്മിതികൾക്ക് Unauthorised ബിൽഡിങ് നമ്പർ നൽകി നികുതി ഈടാക്കാമായിരുന്നു. മേൽ അപാകതകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് നികുതി നഷ്ടം ഒഴിവാക്കേണ്ടതും നാളിതുവരെ നികുതി ഈടാക്കാതിരുന്നതിനും ക്രമവത്ക്കരണ നടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-15 ടൂറിസം അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഫാംഹൗസിന് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചു

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതുപ്രകാരം നൂർജി കബീർ, വി പി കബീർ മുതൽ പേരുടെ ഉടമസ്ഥതയിലുള്ളതും ടൂറിസവുമായി ബന്ധപ്പെട്ട വിവിധ വെബ്സൈറ്റുകൾ , 2022-23 വർഷത്തെ ലൈസൻസിനായുള്ള സ്ഥാപന ഉടമയുടെ അപേക്ഷ (ഫയൽ നം. B1-722/2022

തീ: 14.07.2022) എന്നിവ പ്രകാരം ' ഹോംസ്റ്റേ ' ആയി പ്രവർത്തിക്കുന്നതുമായ ' ലീഡർ കുക്ക് ഫാംഹൗസ് ' എന്ന സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന 100 ച.മീ വിസ്തീർണമുള്ള 4/131, 4/131 A നമ്പർ കെട്ടിടങ്ങൾ ' പാർപ്പിടാവശ്യം ' എന്ന ഉപയോഗ ക്രമത്തിനും (രൂ. 06/ച.മീ.) 175 ച. മീ. വിസ്തീർണ്ണമുള്ള 4/131 B നമ്പർ കെട്ടിടം ' വ്യവസായ ആവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് ' (രൂ. 20/ച. മീ) എന്ന ഉപയോഗ ക്രമത്തിലുമാണ് അസസ്സ് ചെയ്തിട്ടുള്ളത്. അടുക്കള പോലുള്ള സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നതും വിവിധ ബുക്കിംഗ് വെബ്സൈറ്റുകളിൽ ഉൾപ്പെടെ ' ഹോംസ്റ്റേ ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനത്തിൻറെ അനുബന്ധ കെട്ടിടങ്ങളെ ' സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ ' എന്ന ഉപയോഗക്രമത്തിൽ (രൂ. 40/ച. മീ) ഉൾപ്പെടുത്തി നികുതി നിശ്ചയിക്കേണ്ടതിനുപകരം മറ്റ് ഉപയോഗ ക്രമങ്ങളിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചിരിക്കുന്നതായാണ് കാണുന്നത്. കൂടാതെ ഒരേ കോമ്പൗണ്ടിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളിൽ കെട്ടിട നമ്പർ 4/131 A,B കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും 4/131 നമ്പർ കെട്ടിടത്തെ ത്രിതീയ മേഖലയിലും ഉൾപ്പെടുത്തിയാണ് നികുതി നിർണയിച്ചിട്ടുള്ളത് . പ്രസ്തുത സ്ഥാപനത്തെയും കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അനുബന്ധ കെട്ടിടങ്ങളെയും 'പാർപ്പിടാവശ്യം' , ' വ്യവസായ ആവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് ' എന്നീ ഉപയോഗ ക്രമങ്ങളിൽ ഉൾപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല .

വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (05/18.11.2023) നൽകിയിരുന്നു. മറുപടിയായി 4/131 നമ്പർ കെട്ടിടം നിലവിൽ ഹോംസ്റ്റേ ആയി പ്രവർത്തിക്കുന്നില്ല എന്നും ആയതിന്റെ മേഖല ദ്വിതീയം ആക്കി മാറ്റിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 4/131 A നമ്പർ കെട്ടിടത്തെ 'ഹോംസ്റ്റേ' ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി റീ - അസസ്സ് ചെയ്ത് ഫോം - 6 ഹാജരാക്കി. മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശിക സഹിതം ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം മൂന്നിലവ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എവർഗ്രീൻ എക്സ്ട്രാക്ഷൻ എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം പാദ തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് എൻക്വയറി (നം. 14/21.11.2023) നല്കിയതിനെത്തുടർന്ന് മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-17 ലൈസൻസില്ലാതെ ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3, എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നിവ നടത്തിക്കൊണ്ടുപോകുവാൻ പാടുള്ളതല്ല. മൂന്നിലവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തു നികുതി നിർണ്ണയത്തിനുള്ള സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ടുകൾ, ഹോം സ്റ്റേകൾ എന്നീ ഉപയോഗക്രമങ്ങളിൽപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

ക്രമ നം.	കെട്ടിട നം.	കെട്ടിട ഉടമയുടെ പേര്	ഉപയോഗക്രമം
1	IV/37	സ്മിതാ പ്രേം ശാന്താ ഭവൻ	ഹോം സ്റ്റേ

2	II/106B	എം.ആർ ഉണ്ണി	ഹോം സ്റ്റേ
3	IV/18	വി പി തോമസ് വെട്ടുകല്ലേൽ	ഹോം സ്റ്റേ

ഇപ്രകാരം ലൈസൻസില്ലാതെ ഹോം സ്റ്റേകൾ എന്നിവ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 16/21.11.2023) മറുപടിയായി മേൽ സ്ഥാപങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുടർ നടപടികൾ സ്വീകരിച്ച് സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ച് (FTEOS) 2018 വർഷം മുതൽ നിലവിലുള്ളതാണ്. പുതുക്കിയ ചട്ടങ്ങൾ പ്രകാരം 500/- രൂപ മുതൽ 15,000/- രൂപ വരെ വിവിധ വാണിജ്യ വ്യവസായങ്ങൾക്ക് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ഉൽപാദന/സേവന മേഖല തിരിച്ച് പരമാവധി ഫീസ് ചുമത്താവുന്നതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ 2022-23 വർഷം ലൈസൻസ് എടുത്തിട്ടില്ല .

ക്രമ നം.	സ്ഥാപനത്തിന്റെ/ ഉടമയുടെ പേര്	സ്ഥാപനത്തിന്റെ തരം
1	കെ.ജെ. മാണി കുറ്റിയാനിക്കൽ	കേരള സംസ്ഥാന പൊതു വിതരണ കേന്ദ്രം
2	സി.എം. ബേബി	കേരള സംസ്ഥാന പൊതു വിതരണ കേന്ദ്രം
3	സീന അഗസ്റ്റിൻ	തയ്യൽക്കട

മേൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് കാരണം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.17/ 21.11.2023) മറുപടിയായി ക്രമ നമ്പർ 1,2 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ക്രമ നമ്പർ 3 സ്ഥാപനത്തിന്റെ ഉടമയ്ക്ക് ലൈസൻസ് ഫീ ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് . 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ഇനം 149 പ്രകാരം പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

1-19 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്ട്‌വെയർ ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ എടുക്കാതെ ചുവടെ ചേർത്തിട്ടുള്ള ഫാമുകൾ 2022-23 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

ക്രമ നം.	ഉടമ	കെട്ടിട നം.	ഉപയോഗ ക്രമം
1	പോൾ വടക്കേമറ്റത്തിൽ	6/261A	കോഴി വളർത്തൽ ഷെഡ്
2	ദേവസ്യ വടക്കേമറ്റത്തിൽ	6/261B	കോഴി വളർത്തൽ ഷെഡ്

മേൽ പട്ടികയിലെ ഫാമുകൾ 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 15/21.11.2023) മറുപടിയായി മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് ഫീ ഈടാക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-20 അധിക വിഭവ സമാഹരണം - അവലോകനം

മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ മുഖ്യപങ്കുവഹിക്കുന്ന കെട്ടിടനികുതിയിൽ നിന്നും തൻവർഷം വരവ് 1357237/- രൂപയാണ്. തൊഴിൽ നികുതി ഇനത്തിൽ 599565/- രൂപയും വിവിധ ലൈസൻസ് ഫീസിനങ്ങളിൽ 109900/- രൂപയുമാണ് തൻവർഷ വരവ്. പഞ്ചായത്തുകളിൽ ഉള്ള വീടുകളുടെയും ജനസംഖ്യ അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി സർക്കാർ അനുവദിച്ചു നൽകുന്ന ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 60,25,861/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. വർദ്ധിച്ചു വരുന്ന ഭരണ ചെലവുകൾക്ക് ആനുപാതികമായി വരുമാനത്തിൽ വർദ്ധനവുണ്ടാകുന്നില്ല. ആയതിനാൽ പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഓ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഭരണസമിതിയുടെ പ്രവർത്തനം

01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 09.06.2023 ലെ 3-ാം നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.
2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയില്ല.
4. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.
5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവുമായി യഥാർത്ഥ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.
3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

<u>തൊഴിൽ നികുതി</u>

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാൻറ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും, നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.
3. സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
4. തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

<u>നികുതിയേതര വരവുകൾ</u>

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 75 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 405 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

വിവിധ ലൈസൻസ് ഫീസിനങ്ങളിൽ പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിനോദസഞ്ചാരമേഖല, കാർഷിക മേഖല എന്നിവയിൽ കൂടുതൽ പദ്ധതികൾ രൂപീകരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്.

<u>1-21 ബി 4 ഷെഡ്യൂൾ - നീക്കിയിരിപ്പ് തുകകൾ മുതൽകൂട്ടേണ്ടതാണ്</u>

വാർഷിക കണക്കുകൾ ബാലൻസ് ഷീറ്റ് ബി 4 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിട്ടുള്ള പല തുകകളും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പഞ്ചായത്തിന് ലഭിച്ചവയിൽ ചെലവഴിച്ചതിന് ശേഷം നീക്കിയിരിപ്പ് ഉള്ള തുകയോ, പ്രോജക്ട് പ്രകാരം ചെലവഴിച്ചുവരുന്ന തുകകളോ , വ്യക്തമായ പ്രോജക്ടുകൾ ഇല്ലാത്തതിനാൽ ചെലവഴിക്കാൻ കഴിയാത്ത തുകകളോ ആണ്.

ക്രമ നം.	ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം	ഇനം	തുക (രൂപ)
1	320100149	Sarva Siksha Abhiyaan	12379
2	320100191	Nirmal Puraskar	200000
3	320100197	Literacy Scheme Grant	4487
4	320900102	Donations Related To Pandemic/Epidemic Control	276
5	320100198	Grant From Suchitwa Mission	1458119
6	320200208	Fund For Transferred Institutions-Homeopathy	71,352
7	320300399	Grants , Funds & Contribution For Specific Purposes – Other Government Agencies	950575
8	320800199	Contribution For Other Specific Purposes - Capital	54278
9	320800101	Beneficiary Contributions	112254

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിലെ ബി4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന മേൽ പട്ടികയിൽ ചേർത്തിട്ടുള്ള ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകളുടെ തുടർ നടപടി വിവരം ലഭ്യമാക്കുവാനായി നൽകിയ എൻക്വയറിക്ക് (നം. 04/18.11.2023) ലഭ്യമാക്കിയ മറുപടി പ്രകാരം ക്രമ നമ്പർ 1 ശീർഷകത്തിലെ തുക സർക്കാരിലേക്ക് തിരികെ അടവാക്കാനുള്ളതാണെന്നും ക്രമ നമ്പർ 2, 6, 7 ശീർഷകങ്ങളിലെ തുകകൾ ഉപയോഗിച്ച് പ്രോജക്ടുകൾ നടപ്പാക്കികൊണ്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും മറ്റ് ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകളിൽ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ളവ മുതൽ കൂട്ടേണ്ടതുമാണ് .

1-22 ഓണം അഡ്വാൻസ് - ബാലൻസ് തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2000/- രൂപ 2022-23 ൽ തിരികെ ലഭിക്കാനുള്ളതായി കാണിച്ചിരിക്കുന്നു. പരിശോധനയ്ക്ക് ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ഓണം അഡ്വാൻസ് തിരിച്ചടവ് വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ബാലൻസ് തുക ഏത് ജീവനക്കാരനിൽ നിന്ന് തിരികെ ഈടാക്കുവാനുള്ളതാണെന്നും ആയത് തിരികെ ഈടാക്കാനായി സ്വീകരിച്ച നടപടികളുടെ വിശദാംശവും അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം. 03/18.11.2023) മറുപടിയായി 2014-15 കാലയളവിൽ സെക്രട്ടറിയായി ജോലിചെയ്തിരുന്ന ശ്രീ. ഷറഫുദ്ദീൻ എന്നയാൾ തിരിച്ചടയ്ക്കുവാനായി അവശേഷിക്കുന്ന ഓണം അഡ്വാൻസ് തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 ലൈഫ് ഭവന പദ്ധതി ഫണ്ട് ക്രമക്കേട്-വിജിലൻസ് കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്തത് ക്രമപ്രകാരമല്ല.

മുന്നിലവ് ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് മുൻ

വി.ഇ.ഒ ജോൺസൻ ജോർജിനെതിരെ നിയമ നടപടി ഉണ്ടാകുന്നതിനായി ബഹു:വിജിലൻസ് കോടതിയിൽ സി.എം.പി ഫയൽ ചെയ്യുന്നതിനും കേസ് നടത്തുന്നതിനും ഗ്രാമ പഞ്ചായത്തിന് വേണ്ടി അഡ്വ: സൂരജ് എം കർത്തയെ നിയമിക്കുന്നതിനും കേസ് ഫയൽ ചെയ്യുന്നതിനും ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 23.03.22 തീയതിയിലെ 6/1 നമ്പരായി തീരുമാനിച്ചിരുന്നു. കേസിന്റെ നടത്തിപ്പിനായി അഡ്വ: സൂരജ് എം കർത്തയ്ക്ക് അഡ്വാൻസായി 15000 രൂപ നൽകുന്നതിനും, മൊത്തം ചെലവ് രൂപ 50000/-രൂപ ആകുന്നതിനാൽ കേസിന്റെ ചെലവിനായി പെർമിസീവ് സാങ്ഷൻ വാങ്ങുന്നതിനും തീരുമാനിച്ചിരുന്നു. 23.04.22ലെ അജണ്ട 8 തീരുമാനം (3) വൗച്ചർ നമ്പർ 22200012/21.04.22 പ്രകാരം അഡ്വ: സൂരജ് എം കർത്തയ്ക്ക് കേസ് നടത്തിപ്പിനായി അഡ്വാൻസായി 15000 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ1/17.11.23) നൽകിയിരുന്നു.

1) ജില്ല ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

2) വിജിലൻസ് കോടതിയിൽ സി.എം.പി ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ടി കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ

മുന്നിലവ് ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ നടത്തിയ സാമ്പത്തിക ക്രമക്കേടും ധനാപഹരണവും സംബന്ധിച്ച് കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിന് മുമ്പാകെ പരാതി ലഭിച്ചിട്ടുള്ളതാണെന്നും ടി പരാതി അന്വേഷണത്തിൽ ഇരിക്കുന്നതാണെന്നും ,വിജിലൻസ് ടി സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യാതെ വരികെയാണെങ്കിൽ മാത്രം വിജിലൻസ് കോടതിയിൽ സ്വകാര്യ അന്യായം ബോധിപ്പിക്കാവുന്നതാണെന്നും ,ആയതിനാൽ ടി സാഹചര്യം പരിഗണിച്ച് ഇപ്പോൾ വിജിലൻസിൽ സ്വകാര്യ അന്യായം ഫയൽ ചെയ്യുവാൻ സാധിക്കുന്നതല്ല എന്ന നിയമോപദേശമാണ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ കോട്ടയത്തിന്റെ 28.11.2022 ലെ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ അഡ്വക്കറ്റിന് അഡ്വാൻസായി കേസ് നടത്തിപ്പിന് 15000 രൂപ നൽകിയത് അംഗീകരിക്കാവുന്നതല്ല. അഡ്വക്കറ്റിന് 15000/- രൂപ നൽകുന്നതിന് തീരുമാനം എടുത്ത് 23.04.22 പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത മെംമ്പർമാരിൽ നിന്നും സെക്രട്ടറിയിൽ നിന്നും അഡ്വാൻസായി നൽകിയ 15000 രൂപ തിരികെ ഈടാക്കേണ്ടതാണ്. ബാധ്യത ചുമത്തിയ മെമ്പർമാരുടെയും സെക്രട്ടറിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം.	വാർഡിന്റെ പേര്	മെമ്പർമാരുടെ പേര്
1	ഇരുമാപ്ര	ഷാന്റിമോൾ സാം, പാറപ്ലാക്കൽ, ഇരുമാപ്രമറ്റം പി.ഒ
2	വാളകം	ജെയിംസ് മാമ്മൻ, ചെറുകാട്ടിൽ മേച്ചാൽ പി.ഒ
3	മേച്ചാൽ	പി.എൽ ജോസഫ്, പുതുമേനിക്കൽ മേച്ചാൽ പി.ഒ
4	പഴുക്കാനം	ജിൻസി ദാനിയേൽ, തലയ്ക്കശ്ശേരിൽ, മേച്ചാൽ പി.ഒ
5	മക്കൊമ്പ്	ലിൻസിമോൾ ജെയിംസ്, പിറ്റനാനിക്കൽ, ചൊവ്വൂർ പി.ഒ

6	വെള്ളറ	ജോഷി ജോഷ്വാ, തടത്തിപ്ലാക്കൽ, മൂന്നിലവ് പി.ഒ
7	അഞ്ചുമല	ഇത്തമ്മ മാത്യു, പല്ലാട്ട്, മൂന്നിലവ് പി.ഒ
8	മൂന്നിലവ്	റീന അമ്മിയാനിക്കൽ, മൂന്നിലവ് പി.ഒ
9	പെരുങ്കാവ്	മായാ അലക്സ്, കരോട്ട് പുത്തൻപുരയ്ക്കൽ മൂന്നിലവ് പി.ഒ
10	കുറിഞ്ഞിപ്ലാവ്	കൃഷ്ണൻ, ഈറ്റയ്ക്കല്, മൂന്നിലവ് പി.ഒ
11	ചകിണിയാംതടം	ചാർളി ഐസക്, പൊട്ടമുണ്ടയ്ക്കൽ, ഇരുമാപ്രമറ്റം പി.ഒ
12	പുതുശ്ശേരി	അജിത്ത് ജോർജ്ജ്, പെമ്പിളകുന്നേൽ, കളത്തുക്കടവ് പിഒ
13	തഴയ്ക്കവയൽ	ജോളി റ്റോമി, കുളത്തിനാൽ മൂന്നിലവ് പി.ഒ
14	റെനി സൈമൺ സെക്രട്ടറി	കുടിയാറ്റിൽ, മേലുകാവ് മറ്റം, മേലുകാവ്

1-24 പ്ലാസ്റ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ - മെഷീൻ ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം 172/23 പ്ലാസ്റ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ എന്ന പ്രോജക്ടിനായി വിവിധ ഫണ്ടിനങ്ങളിൽ നിന്നും 579000/-രൂപ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്ററർപ്രൈസസ് ലിമിറ്റഡിൽ ഒടുക്കിയിരുന്നു. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

പ്രോജക്ടിന്റെ വിവരം	ചെലവഴിച്ച തുക	ബിൽ വിവരങ്ങൾ
172/ 23 പ്ലാസ്റ്റിക് ബെയിലിംഗ് മെഷീൻ വാങ്ങൽ	വികസനഫണ്ട്- 258131 രൂപ ധന.ഗ്രാന്റ്- 41911 രൂപ ധന.ഗ്രാന്റ്- 4932 രൂപ കേന്ദ്രാവിഷ്കൃതഫണ്ട്- 274026രൂപ	58/24.03.23 284/21.03.23 286/21.03.22 287/21.03.23
ആകെ	579000/ രൂപ	

പ്രസ്തുത ഫയൽ പരിശോധിച്ചതിൽ മെഷീൻ ഇൻസ്റ്റാൾ ചെയ്തതിന്റെ സർട്ടിഫിക്കറ്റോ, ടാക്സ് ഇൻവോയിസോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടു.

ബെയിലിംഗ് മെഷീൻ ലഭ്യമായിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/21.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ ബെയിലിംഗ് മെഷീൻ ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മെഷീൻ ലഭ്യമാക്കി സ്ഥാപിച്ചതിന് ശേഷം വിശദാംശങ്ങൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 579000/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- 1759134/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തൻ വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലിൽ പ്രോജക്ടിന്റെ പൂർത്തീകരണ വിനിയോഗ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ പേര്	ഒടുക്കിയ തുക	ബിൽ നമ്പർ തീയതി	തുക ഒടുക്കിയ സ്ഥാപനം
1	215/23വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം	450000 രൂപ (ധന. ഗ്രാന്റ്)	XvFC/22-23 /P/61/15.2.23	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് കോട്ടയം
2	39/23 നിലാവ് പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	459134/- രൂപ (ധന. ഗ്രാന്റ്)	XvFC/22-23 /P/71/16.03.23	ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട
3	83/3 പി.എം.എ.വൈ വിഹിതം നൽകൽ	140000/- രൂപ വി.ഫണ്ട് പൊതു വിഭാഗം	12/01.09.22	ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്
4	178/23 പി.എം.എ.വൈ വിഹിതം നൽകൽ	140000/- രൂപ (വി.ഫണ്ട്-എസ്.സി.പി))	15/01.9.22=70000 34/16.12.22= 70000/-	ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്
5	179/23 പി.എം.എ.വൈ വിഹിതം നൽകൽ 'ടി.എസ്.പി	70000/- രൂപ (വി.ഫണ്ട്- 'ടി.എസ്.പി	35/ 16.12.22	ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്
6	191/23 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ1,3,4,8,12.13	500000/- രൂപ (ധന. ഗ്രാന്റ്)	XVFC/22-23 /p/72/16.03.23	ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട
	ആകെ	1759134/-രൂപ		

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 24/22-23/ 21.1123 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ / പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1759134/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ

ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

പ്രോജക്ട് നം/ പേര്	കരാറുകാരൻ	സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി	കരാറിലേർപ്പെട്ട തീയതി	പി.എ.സി.	ഈടാക്കേണ്ടിയിരുന്ന പിഴ
59/23 (190/22) അമ്പലം മങ്കൊമ്പ് തേൻവര റോഡ് കോൺക്രീറ്റിംഗ്	ലിസ്സി ജോസഫ്, കണ്ടത്തിൽ, മൂന്നിലവ്	24.01.22	23.03.22	596371	5963

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25/21.11.23-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും 5963 രൂപ പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 ആസ്തി വിവരങ്ങൾ കാലികമാക്കൽ- പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം. 238/23
പൊതുമരാമത്ത് ആസ്തി വിവരങ്ങൾ കാലികമാക്കൽ
അടങ്കൽ- 400000 രൂപ വികസന ഫണ്ട് (പൊതുവിഭാഗം)
ചെലവ്- 80000 രൂപ (ബിൽ നം. 8/22-23/ 23.2.2023)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമ പഞ്ചായത്തിന്റെ പൊതു ആസ്തി വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ജി.ഐ.എസ് മാപ്പിംഗ് നടത്തി സോഫ്റ്റ് വെയറിലും ഹാർഡ് വെയറിലും തയ്യാറാക്കുന്നതിന് വേണ്ടി ഏറ്റെടുത്തതാണ് മേൽ പ്രോജക്ട്. പ്രോജക്ട് നടപ്പാക്കുന്നതിന് " സെന്റർ ഫോർ സോഷ്യൽ & റിസോഴ്സ് ഡവലപ്മെന്റ്", പുതുക്കാട് എന്ന സ്ഥാപനത്തിനെയാണ് പ്രവൃത്തി നിർവ്വഹണത്തിന്റെ ചുമതല ഏൽപ്പിച്ചത്. അടങ്കൽ തുകയുടെ 20%, 80000 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലാത്തതായി കാണുന്നു. ആസ്തി വിവരങ്ങൾ കാലികമാക്കൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 9/20.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു എന്ന് അറിയിച്ചു. ആസ്തി വിവരങ്ങൾ കാലികമാക്കൽ- ജി.ഐ.എസ് മാപ്പിംഗ് പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ 80000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 11-ാം വാർഡിൽ ചകിണിയാംതടം കല്ലോലിക്കൽ ഭാഗം കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- അപാകതകൾ

പ്രോജക്ട് നം. 61/23
അടങ്കൽ- 167257 രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ്- 80972 രൂപ (ബിൽ നം. 20/22-23/ 25.3.23)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മൂന്നിലവ് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് മേൽ പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലായി 2021-22 ൽ 508393 രൂപ ചെലവഴിച്ചിരുന്നു. 2022-23 വർഷം സ്പിൽ ഓവറായി തുടർന്ന പ്രോജക്ട് പ്രകാരം 80972 രൂപ ഫൈനൽ ബില്ലായി ചെലവഴിച്ചിട്ടുണ്ട്. ഫൈനൽ ബില്ലിൽ റിവൈസ്ഡ് എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 5 ആയി മോട്ടോർ സർവ്വീസിംഗ് ചാർജ് ഇനത്തിൽ ബിൽ പ്രകാരം 13030 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ മോട്ടോർ സർവ്വീസിംഗ് ചാർജ് നൽകിയതിന്റെ കാഷ് ബിൽ പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാഷ് ബിൽ ഹാജരാക്കാതെ ബിൽ പ്രകാരമുള്ള തുക

ഫൈനൽ ബില്ലിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 28/22.11.23-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മോട്ടോർ സർവ്വീസിംഗ് ചാർജ് നൽകിയതിന്റെ കാഷ് ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ 13030 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ 2022-23 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്രമ നം	പ്രോജക്ട് നം/പേര്	നിക്ഷേപിച്ച തുക/ ഫണ്ടിനം	സാംങ്ഷൻ ഓർഡർ	തുക നിക്ഷേപിച്ച സ്ഥാപനം
1	9/23 കൂട്ടക്കല്ല് കുടിവെള്ള പദ്ധതി മെയിന്റനൻസ്	117192, ധനകാര്യകമ്മീഷൻ ഗ്രാന്റ്	347/ 28.3.23	ഭൂജല വകുപ്പ് കോട്ടയം
2	14/23 ഇരുമാപ്രമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം	384388, ധനകാര്യകമ്മീഷൻ ഗ്രാന്റ്	384/ 30.3.23	ഭൂജല വകുപ്പ് കോട്ടയം
3	51/23 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം.	339345, ധനകാര്യകമ്മീഷൻ ഗ്രാന്റ്	210/ 23.2.23	ഭൂജല വകുപ്പ് കോട്ടയം
4	233/23 അഞ്ചുകുടിയാർ കുടിവെള്ള പദ്ധതി	61000, കേന്ദ്രാവിഷ്കൃത ഫണ്ട്	347/ 28.3.23	ഭൂജല വകുപ്പ് കോട്ടയം
5	234/23 ഫ്രണ്ട്സ് കോളനി കുടിവെള്ള പദ്ധതി	200000, ബ്ലോക്ക് പഞ്ചായത്ത് വിഹിതം	294/ 22.3.23	ഭൂജല വകുപ്പ് കോട്ടയം
6	259/23 വാളകം കോലാനിത്തോട്ടം എസ്. സി. കോളനിയിൽ സോളാർ പാനൽ സ്ഥാപിക്കൽ	209940, വികനഫണ്ട് എസ്.സി.പി.	345/ 28.3.23	അനർട്ട് ജില്ലാ ഓഫീസ് കോട്ടയം
7	262/23 മേച്ചാൽ മുടിക്കുന്ന് കുടിവെള്ള	479076, വികനഫണ്ട് ജനറൽ	339/28.3.23	കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

	പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ			
	ആകെ	1790941		

മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം/പൂർത്തീകരണ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 8/20.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ക്രമനമ്പർ 1 മുതൽ 5 വരെയുള്ള പ്രവൃത്തികൾ നടന്നുവരികയാണെന്നും ക്രമനമ്പർ 6, 7 എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും അറിയിച്ചു. പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1790941 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 പരമ്പരാഗത സ്വയം തൊഴിലുകളുടെ വനിതാ ഗ്രൂപ്പ് (എസ്.റ്റി) - അനുവദിക്കാവുന്നതിലും അധികമായി സബ്സിഡി അനുവദിച്ചു

2022-23 സാമ്പത്തിക വർഷം മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 177/ 23 പരമ്പരാഗത സ്വയം തൊഴിലുകളുടെ വനിതാ ഗ്രൂപ്പ് (എസ്.റ്റി) എന്ന പ്രോജക്ട് പ്രകാരം ഒരു വനിതാ ഗ്രൂപ്പിന് സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്നും 157200/-രൂപ (ബിൽ നമ്പർ 32/29.03.23) അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ.തീയതി 28..05.2022 ഖണ്ഡിക 6-5-6 പ്രകാരം പരമ്പരാഗത കൈത്തൊഴിലുകളുടെ ഗ്രൂപ്പ് സംരംഭം പട്ടിക വർഗ്ഗ വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 375000 (പ്രോജക്ട് ചെലവിന്റെ 75%) രൂപയാണ്. ഗ്രൂപ്പിൽ കുറഞ്ഞത് രണ്ട് പേരെങ്കിലും ഉണ്ടായിരിക്കണം. മൂലധനത്തിനായി വായ്പ ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. വായ്പാ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. വായ്പാ ബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ച് മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. യൂണിറ്റ് ആരംഭിച്ച് മൂന്ന് വർഷം പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തേണ്ടതാണ്.

മൂന്നിലവ് ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്നേഹ കുടുംബശ്രീയിലെ ലിസിയമ്മ നൈനാൻ മച്ചിയാനിക്കൽ, അന്നമ്മ നോബിൾ കുറുങ്ങാട്ട്, അജിത സാം കുഴിയാനിക്കൽ, ശ്രീജ ആന്റണി കല്ലനാനിക്കൽ, മേരി ജേക്കബ് പച്ചിലാനിക്കൽ, ഷേർലി ബിജു പാലാപ്പടിക്കൽ, സാറാമ്മ ജോൺ കല്ലുകാട്ട്, എന്നീ അംഗങ്ങൾ ചേർന്നാണ് ഐശ്വര്യാ കുടിൽ വ്യവസായ യൂണിറ്റ് ആരംഭിച്ചത്. ചിറ്റീന്ത്, ഈറ, മുള എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചൂല്, കുട്ട, വട്ടി, മുതലായ സാധനങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 28.01. 2023 ൽ ഇവർ മൂന്നിലവ് ഗ്രാമ പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിൽ 159000/- രൂപയുടെ സ്ഥിരനിക്ഷേപവും, 103000രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റലും ഉൾപ്പടെ പ്രോജക്ട് കോസ്റ്റ് 262000 രൂപയാണ്. കേരള ഗ്രാമീൺ ബാങ്കിന്റെ മേലുകാവ് ശാഖയിൽ നിന്നും (അക്കൗണ്ട് നമ്പർ 62615327000123) ഗ്രൂപ്പിന് 23.03.2023 ൽ 209600/-രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ലോൺ തുക സ്ഥാപനത്തിന്റെ കേരള ഗ്രാമീൺ ബാങ്കിന്റെ മേലുകാവ് ശാഖയിലെ 40626101056769 നമ്പർ അക്കൗണ്ടിലേക്ക് 23.03.23 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥാപനത്തിനായി 100500 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെലവിനം	ചെലവഴിച്ച തുക
1	ചൂല് കെട്ടുന്നതിനുള്ള ഓല. ഈർക്കൽ വാങ്ങിയത് (ഹിൽ റേഞ്ച് ട്രൈബൽ എഫ്.പി.സി ഇടുക്കി 422/23.03.23)	16000/- രൂപ
2	ഫർണിച്ചർ (വെറൈറ്റി ഫർണിച്ചർ ഈരാറ്റുപേട്ട 11/23.03.23)	22000/-രൂപ
3	ഇൻവെർട്ടർ പോപ്പുലർ ട്രേഡേഴ്സ് ഈരാറ്റുപേട്ട R10005/03.04.23)	17000/-രൂപ
4	വാടക അഡ്വാൻസ്	5000/-രൂപ
5	ഈറ്റ വാങ്ങിയത് (13.04.23ലെക്യാഷ് ബുക്ക് പ്രകാരം)	13000/-രൂപ
6	ഈറ്റ വാങ്ങിയത് (05.07.23ലെക്യാഷ് ബുക്ക് പ്രകാരം)	11000/-രൂപ
7	ഓല. ഈർക്കൽ വാങ്ങിയത് (08.07.23ലെക്യാഷ് ബുക്ക് പ്രകാരം)	16500/- രൂപ
		100500/രൂപ

പ്രോജക്ട് ചെലവിന്റെ 75% മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ഇത് പ്രകാരം ആകെ അനുവദിക്കാവുന്ന സബ്സിഡി 75375/ (100500X75%) രൂപയാണ്. അനുവദിച്ചിട്ടുള്ളത് 157200/-രൂപയാണ്. 81825 /- (157200 – 75375) രൂപ അധിക സബ്സിഡി അനുവദിച്ചതായി കാണുന്നു. 20.11.2023 ൽ ഹെഡ് ക്ലാർക്ക് ശ്രീ. ഷിനു ജോർജിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ലോൺ തുക പൂർണ്ണമായി സ്ഥാപനത്തിന്റെ കാര്യങ്ങൾക്കായി ചെലവഴിച്ചിട്ടില്ല എന്നും 17000/- രൂപ ചെലവഴിച്ച് വാങ്ങിയ ഇൻവെർട്ടർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നും ബോദ്ധ്യപ്പെട്ടിരുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് 31നകം പദ്ധതി പൂർത്തീകരിക്കേണ്ടതിനാൽ സബ്സിഡി മാറി നൽകിയതാണ് എന്നും ഗ്രൂപ്പ് ലോൺ തുക മുഴുവനായി പ്രോജക്ടിനായി വിനിയോഗിച്ചിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെലവഴിക്കാത്ത തുകയ്ക്ക് ആനുപാതികമായ സബ്സിഡി തുക തിരിച്ചടക്കണമെന്ന് ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയോടൊപ്പം ഐശ്വര്യ കുടിൽ വ്യവസായ കേന്ദ്രം സെക്രട്ടറി ലഭ്യമാക്കിയ മറുപടിയും ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ 23.11.23 ൽ 35100/- രൂപയും, ബാക്കി തുകയായ 46725/- രൂപ 23.12.2023 തീയതിയിലും പഞ്ചായത്തിൽ ഒടുക്കിക്കൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരം 23.12.2023 ൽ 1230201224/G050602 നമ്പർ രസീത് പ്രകാരം 56760 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്. അധിക സബ്സിഡിയായി അനുവദിച്ച 81825 /- രൂപയിൽ തിരികെ ഒടുക്കിയ 56760 രൂപ കുറച്ച് 25065/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

1-31 ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ -വിശദമായ മൂല്യനിർണ്ണയം നടത്താതെ തുക

അനുവദിക്കുന്നു.

2022-23 സാമ്പത്തിക വർഷം വി.ഇ.ഒ, ഭവന പുനരുദ്ധാരണ പ്രോജക്ടുകൾ ജനറൽ, എസ്.സി, എസ്.റ്റി എന്നീ വിഭാഗങ്ങൾക്കായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ജനറൽ വിഭാഗത്തിനായി മേൽക്കൂര മാറ്റി പുതിയ മേൽക്കൂര സ്ഥാപിക്കൽ എന്ന പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ എല്ലാ പ്രോജക്ടുകളിലും വിശദമായ മൂല്യനിർണ്ണയം നടത്താതെ ഒറ്റവരി സർട്ടിഫിക്കറ്റിൽ തുക ചെലവഴിച്ചിട്ടുണ്ട് എന്ന് മാത്രം രേഖപ്പെടുത്തിയാണ് സാങ്കേതിക വിഭാഗം സർട്ടിഫിക്കറ്റ് നൽകുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥ തുക അനുവദിക്കുന്നത്. ഭവനപുനരുദ്ധാരണ പ്രവൃത്തികൾക്ക് ഒരു ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് ഒരുലക്ഷം രൂപ അനുവദിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. വിശദമായ മൂല്യനിർണ്ണയം നടത്താതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല. സാങ്കേതിക വിഭാഗത്തിൽ നിന്നും വിശദമായ മൂല്യനിർണ്ണയം നടത്തി സാക്ഷ്യപത്രം ലഭ്യമാക്കിയതിന് ശേഷം മാത്രം തുക അനുവദിക്കേണ്ടതാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി അന്വേഷണം നടത്തി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

1-32 ആശ്രയ റ്റി എസ് പി

ആശ്രയ റ്റി എസ് പി പ്രോജക്ടിന്റെ ആവശ്യത്തിനായി യൂണിയൻ ബാങ്കിന്റെ ഈരാറ്റുപേട്ട ശാഖയിലെ 720102010004654 നമ്പർ അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചതിൽ 02.07.2023 ൽ 857434/ രൂപ നീക്കിയിരിപ്പുണ്ട്. റ്റിഎസ് പി പ്രോജക്ടിന്റെ അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ഉൾപ്പടെ ലഭിച്ചതിൽ 31.03. 2022 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 840039/ രൂപയോടൊപ്പം പിന്നീട് ലഭിച്ച പലിശയും ഉൾപ്പെട്ട തുകയാണിത്. വ്യക്തമായി ഗുണഭോക്താവിനെയോ, പ്രോജക്ടോ തീരുമാനിക്കാതെ തുക കൈമാറിയതും, ചെലവഴിക്കാനല്ലാതെ പ്ലാൻഫണ്ട് മാറി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതും ഗുരുതരമായ വീഴ്ചയാണ്. മുൻവർഷ റിപ്പോർട്ടിലെ ഖണ്ഡിക 1-31 ൽ പ്രസ്തുത വിഷയം പരാമർശിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക ചെലവഴിക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. സമൂഹത്തിലെ ഏറ്റവും ദുർബലരായ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആശ്രയ ഗുണഭോക്താക്കളുടെ ഉന്നമനത്തിനായി ചെലവഴിക്കേണ്ട 857434/ രൂപ ഇപ്രകാരം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നത് ഭരണസമിതിയുടെ വീഴ്ചയാണ്. റ്റിഎസ് പി പ്രോജക്ടിന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 857434/ രൂപ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അടിയന്തിരമായി ചെലവഴിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. തുക ചെലവഴിക്കാൻ സാധിക്കാത്തപക്ഷം സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-33 മൃഗാശുപത്രിയിലേയ്ക്ക് ലാപ് ടോപ് പ്രിന്റർ വാങ്ങൽ-ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ ടി പദ്ധതിക്ക് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	96/23
അടങ്കൽ	90000 മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
ചെലവ്	87817(ബിൽ നമ്പർ 141/15.01.23)

കെ.എം ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ് ടോപും പ്രിന്ററും വാങ്ങിയിട്ടുള്ളത്

ഇൻവോയ്സ് നമ്പർ	ഉപകരണം	തുക
KMR/22-23 /1502/21.12.22	Lap Top	57987
KMR/22-23 /1364/08.12.22	Ink Tank Printer	29830
ആകെ		87817

പദ്ധതി നടത്തിപ്പിനായി മത്സരാധിഷ്ഠിത ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി(നം.7/20.11.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26.04.19 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണ്. എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ നടപടികൾ സ്വീകരിക്കാതെ ടി പദ്ധതി നടപ്പിലാക്കിയതിനാൽ ചെലവഴിച്ച 87817 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ-വാറന്റി വിവരങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മൂന്നു പ്രോജക്ടുകളിലായി വയോജനങ്ങൾക്ക് കട്ടിലുകൾ നൽകിയിട്ടുണ്ട്. ക്വട്ടേഷൻ വഴി ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ ഊരാറ്റുപേട്ട എന്ന സ്ഥാപനത്തെയാണ് കട്ടിലുകൾ വിതരണം നടത്തുന്നതിനായി തെരഞ്ഞെടുത്തത്. എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ ടി സ്ഥാപനത്തെ തെരഞ്ഞെടുത്തതിൽ സുതാര്യത കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജനറൽ

പ്രോജക്ട് നമ്പർ	107/23(സ്പിൽ ഓവർ)
അടങ്കൽ	296000(വികസനഫണ്ട്)
ചെലവ്	1.ബിൽനമ്പർ 348/28.03.23/192500 2.ബിൽനമ്പർ 349/28.03.23/84700 3.ബിൽനമ്പർ 389/31.03.23/18800
	296000

2.റ്റി.എസ്.പി

പ്രോജക്ട് നമ്പർ	108/23(സ്പിൽ ഓവർ)
അടങ്കൽ	200000(റ്റി.എസ്.പി ഫണ്ട്)
ചെലവ്	1.ബിൽനമ്പർ

	337/27.03.23/49122 2.ബിൽനമ്പർ 350/28.03.23/124128
ആകെ	173250

3.എസ്.സി.പി

പ്രോജക്ട് നമ്പർ	109/23(സ്പിൽ ഓവർ)
അടങ്കൽ	60000(റ്റി.എസ്.പി ഫണ്ട്)
ചെലവ്	ബിൽനമ്പർ 336/27.03.23/46200

മേൽ പറഞ്ഞ മൂന്ന് പ്രേജക്ടുകളിലായാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. പൊതു വിഭാഗത്തിലേയ്ക്ക് 77, എസ്.സി.പി 12, റ്റി.എസ്.പി 45 എന്നിങ്ങനെയാണ് കട്ടിലുകൾ വാങ്ങിയത്. മൂന്ന് പ്രോജക്ടിന്റെ ഭാഗമായും കട്ടിലുകൾ വാങ്ങുവാൻ സപ്ലൈഓർഡർ നൽകിയത് ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിനാണ്. സ്ഥാപനം നൽകിയ ഇൻവോയ്സുകൾ പരിശോധിച്ചപ്പോൾ വുഡൻ ബഡ് കോട്ട് എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 9mm Isi മാർക്ക് പ്ലൈവുഡ്, കടഞ്ഞ കാൽ എന്നിവ ഉള്ള മഹഗണി കൊണ്ടുള്ള കട്ടിലുകളാണ് സ്ഥാപനം കോട്ട് ചെയ്തിരിക്കുന്നതെന്നാണ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റു സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	സ്പെസിഫിക്കേഷൻ	തുക
തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്	198 Cm നീളം 90cm മുൻകാൽ ഉയരം 60cm പിൻകാൽ ഉയരം 50cm വീതി മഹാഗണി തടി	2719 3527(ചതുര കാലോടു കൂടിയത്)
ഷിഹാബ് .സി.പി ചൈപറമ്പിൽ ഫർണിച്ചർ മാർട്ട്	8mm ആഞ്ഞിലി പലക/പ്ലൈവുഡ് പഞ്ചായത്ത് പറഞ്ഞ അളവിൽ -മൂന്നു വർഷ വാറന്റി	3780
എം.എച്ച് ഏജൻസീസ്	പഞ്ചായത്ത് പറഞ്ഞ അളവിൽ - അഞ്ചു വർഷ വാറന്റി(മഹാഗണി) 10 വർഷ വാറന്റി	3440 3990
ഡെക്കോർ ഇറ്റാലിയൻ ഫർണീച്ചർ ഈരാറ്റുപേട്ട	9mm Isi മാർക്ക് പ്ലൈവുഡ്, കടഞ്ഞ കാൽ എന്നിവ ഉള്ള മഹഗണി -6 വർഷ വാറന്റി	3850

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ പരിഗണിക്കാതെ ഡെക്കോർ ഇറ്റാലിയൻ ഫർണീച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിനെ കട്ടിലുകൾ വാങ്ങുവാനായി തെരഞ്ഞെടുത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി(നമ്പർ 13/23.11.23)നൽകിയിരുന്നു.ആറു വർഷ വാറന്റിയും മഹാഗണി തടിയിൽ തീർത്തതുമായ ഡെക്കോർ ഇറ്റാലിയൻ ഫർണീച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിന്റെ കട്ടിലുകൾ പ്രോക്യൂർമെന്റ് കമ്മിറ്റിയും ഭരണ സമിതി അംഗങ്ങളും നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി ഏജൻസിയുടെ ടെണ്ടർ അംഗീകരിച്ച് കട്ടിലുകൾ വാങ്ങുന്നതിന് തീരുമാനമെടുത്തത് (13/2/23ലെ 1(3)നമ്പർ തീരുമാനം) എന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 6 വർഷ വാറന്റി ഉറപ്പാക്കുന്ന യാതൊരുവിധ രേഖകളും ഡെക്കോർ ഇറ്റാലിയൻ ഫർണീച്ചർ നൽകിയിട്ടില്ല. ആയതിനാൽ കട്ടിലുകളുടെ വാറന്റി ഉറപ്പുവരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് മാത്രമല്ല കട്ടിലുകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ആറ് വർഷത്തെ വാറന്റിയുള്ള കട്ടിലുകളാണ് ലഭിച്ചിട്ടുള്ളത് എന്ന് അറിയുന്നുമില്ല. ഫലത്തിൽ വാറന്റിയുടെ സേവനം ലഭിക്കുന്നില്ല. ടി സാഹചര്യത്തിൽ മേൽ മൂന്ന് പ്രോജക്ടുകളിലായി കട്ടിലുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 515450/- രൂപ {296000(ജനറൽ), 173250(റ്റി.എസ്.പി), 46200 (എസ്.സി.പി)} ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-35 സ്ഥിരം കൃഷിക്ക് കൂലിച്ചെലവ്- അപാകതകൾ

പ്രോജക്ട് നം. 74/23
അടങ്കൽ- 160000 രൂപ (വികസന ഫണ്ട്- 60000 രൂപ + ബ്ലോക്ക് വിഹിതം- 100000 രൂപ)
ചെലവ്- 150000 രൂപ (വികസന ഫണ്ട്- 50000 രൂപ + ബ്ലോക്ക് വിഹിതം- 100000 രൂപ)
നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ.

മേൽ പ്രോജക്ട് പ്രകാരം മൂന്ന് ബില്ലുകളിലായി 75 കർഷകർക്ക് 2000 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നം/ തീയതി	തുക	ഫണ്ടിനം	ആകെ കർഷകർ
5/22-23/ 25.1.23	50000	ബ്ലോക്ക് വിഹിതം	25
12/22-23 /20.3.23	50000	വികസന ഫണ്ട്	25
13/22-23 /20.3.23	50000	ബ്ലോക്ക് വിഹിതം	25
ആകെ	150000 രൂപ		

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കർഷകർ കൃഷി ചെയ്തതിന് കൂലിച്ചെലവ് നൽകിയതായിട്ടുള്ള വൗച്ചർ, കൃഷി അസിസ്റ്റന്റിന്റെ വെരിഫിക്കേഷൻ റിപ്പോർട്ട്, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല എന്ന് കണ്ടു. കർഷകർ കൃഷി ചെയ്തു എന്ന് ഉറപ്പാക്കുന്ന രേഖകൾ തയ്യാറാക്കാതെ സബ്സിഡി അനുവദിച്ചത് ശരിയായ നടപടി അല്ല. അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 27/21.11.23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ആവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചുകൊള്ളാമെന്നും ഇത്തരം പിഴവുകൾ സംഭവിക്കാതെ ശ്രദ്ധിച്ചുകൊള്ളാമെന്നും അറിയിച്ചു. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നത് വരെ 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 ഓഡിറ്റ് ഇംപാക്ട് - ഗോത്രസാരഥി പദ്ധതി- വാഹനവാടക അധിക നിരക്കിൽ നൽകിയത് - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് സർക്കാരിലേക്ക് ഒടുക്കി

പ്രോജക്ട് നം. 151/23
അടങ്കൽ- 635000 രൂപ (വികസനഫണ്ട് ജനറൽ- 60800 + റ്റി.എസ്.പി- 574200)

ചെലവ്- 635000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- എച്ച്.എം, ഗവൺമെന്റ് യു. പി. സ്കൂൾ, വെള്ളറ

മൂന്നിലവ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പദ്ധതി. ഗവൺമെന്റ് യു. പി. സ്കൂൾ, വെള്ളറ, ഗവൺമെന്റ് യു. പി. സ്കൂൾ, മേച്ചാൽ, സി.എം.എസ്.എച്ച്.എസ്. മേച്ചാൽ, സി.എം.എസ്. എൽ.പി. സ്കൂൾ മേച്ചാൽ, എന്നീ 4 സ്കൂളുകളിലെ എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികളെ വിവിധ കോളനികളിൽ നിന്നും സ്കൂളുകളിലെത്തിക്കുന്നതിനും തിരികെ വീട്ടിലെത്തിയ്ക്കുന്നതിനും വാഹനവാടക നൽകുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ട് നടപ്പാക്കിയത്. ഇതിൽ ഗവൺമെന്റ് യു. പി. സ്കൂൾ, മേച്ചാലിലെ എസ്.റ്റി വിഭാഗത്തിൽപ്പെട്ട കുട്ടികളെ വിവിധ കോളനികളിൽ നിന്നും സ്കൂളുകളിലെത്തിക്കുന്നതിനും തിരികെ വീട്ടിലെത്തിയ്ക്കുന്നതിനും വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്തത് ശ്രീ. അൻസർ കെ. ബി, കൊന്നയ്ക്കൽ, മേച്ചാൽ പി. ഒ, എന്ന വ്യക്തിയാണ്. ടിയാൻ കോട്ട് ചെയ്ത നിരക്ക് പ്രതിദിനം 600 രൂപയായിരുന്നു. എന്നാൽ ടിയാന് വാഹനവാടക പ്രതിദിനം 700 രൂപ നിരക്കിലാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. അപാകത ചൂണ്ടിക്കാണിച്ച് 2/17.11.23-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുർന്ന് 18.11.23 ൽ 19400 രൂപ ഇരാറ്റുപേട്ട സബ് ട്രഷറിയിൽ തിരികെ ഒടുക്കി ചെലാൻ പകർപ്പ് ഹാജരാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പരമ്പരാഗത സ്വയം തൊഴിലുകളുടെ വനിതാ ഗ്രൂപ്പ് (എസ്. റ്റി.)- അനുവദിക്കാവുന്നതിലും അധികമായി സബ്സിഡി അനുവദിച്ചു.

2022-23 സാമ്പത്തിക വർഷം മൂന്നിലവ് ഗ്രാമ പഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ട് നം 177/ 23 പരമ്പരാഗത സ്വയം തൊഴിലുകളുടെ വനിതാ ഗ്രൂപ്പ് (എസ്.റ്റി) എന്ന പ്രോജക്ട് പ്രകാരം ഒരു വനിതാ ഗ്രൂപ്പിന് സബ്സിഡി ഇനത്തിൽ വികസനഫണ്ടിൽ നിന്നും 157200/-രൂപ (ബിൽ നമ്പർ 32/29.03.23) അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ.തീയതി 28..05.2022 ഖണ്ഡിക 6-5-6 പ്രകാരം പരമ്പരാഗത കൈത്തൊഴിലുകളുടെ ഗ്രൂപ്പ് സംരംഭം പട്ടിക വർഗ്ഗ വിഭാഗത്തിന് നൽകാവുന്ന പരമാവധി സബ്സിഡി തുക 375000 (പ്രോജക്ട് ചെലവിന്റെ 75%) രൂപയാണ്. ഗ്രൂപ്പിൽ കുറഞ്ഞത് രണ്ട് പേരെങ്കിലും ഉണ്ടായിരിക്കണം. മൂലധനത്തിനായി വായ്പ ഉൾപ്പടെ വിവിധ സ്രോതസ്സുകളിൽ നിന്ന് തുക സമാഹരിക്കാവുന്നതാണ്. വായ്പാ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. വായ്പാ ബന്ധിതമല്ലെങ്കിൽ സംരംഭം ആരംഭിച്ച് മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. യൂണിറ്റ് ആരംഭിച്ച് മൂന്ന് വർഷം പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തേണ്ടതാണ്.

മൂന്നിലവ് ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ സ്നേഹ കുടുംബശ്രീയിലെ

ലിസിയമ്മ നൈനാൻ മച്ചിയാനിക്കൽ, അന്നമ്മ നോബിൾ കുറുങ്ങാട്ട്, അജിത സാം കുഴിയാനിക്കൽ, ശ്രീജ ആന്റണി കല്ലനാനിക്കൽ, മേരി ജേക്കബ് പച്ചിലാനിക്കൽ, ഷേർലി ബിജു പാലാപ്പടിക്കൽ, സാറാമ്മ ജോൺ കല്ലുകാട്ട്, എന്നീ അംഗങ്ങൾ ചേർന്നാണ് ഐശ്വര്യാ കുടിൽ വ്യവസായ യൂണിറ്റ് ആരംഭിച്ചത്. ചിറ്റീന്ത്, ഈറ, മുള എന്നീ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ചൂല്, കുട്ട, വട്ടി, മുതലായ സാധനങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 28.01. 2023 ൽ ഇവർ മൂന്നിലവ് ഗ്രാമ പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിൽ 159000/- രൂപയുടെ സ്ഥിരനിക്ഷേപവും, 103000രൂപയുടെ വർക്കിംഗ് ക്യാപ്പിറ്റലും ഉൾപ്പടെ പ്രോജക്ട് കോസ്റ്റ് 262000 രൂപയാണ്. കേരള ഗ്രാമീൺ ബാങ്കിന്റെ മേലുകാവ് ശാഖയിൽ നിന്നും (അക്കൗണ്ട് നമ്പർ 62615327000123) ഗ്രൂപ്പിന് 23.03.2023 ൽ 209600/-രൂപ ലോൺ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ലോൺ തുക സ്ഥാപനത്തിന്റെ കേരള ഗ്രാമീൺ ബാങ്കിന്റെ മേലുകാവ് ശാഖയിലെ 40626101056769 നമ്പർ അക്കൗണ്ടിലേക്ക് 23.03.23 ൽ ട്രാൻഫർ ചെയ്തിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ രേഖകൾ പ്രകാരം സ്ഥാപനത്തിനായി 100500 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ചെലവിനം	ചെലവഴിച്ച തുക
1	ചൂല് കെട്ടുന്നതിനുള്ള ഓല. ഈർക്കൽ വാങ്ങിയത് (ഹിൽ റേഞ്ച് ട്രൈബൽ എഫ്.പി.സി ഇടുക്കി 422/23.03.23)	16000/- രൂപ
2	ഫർണിച്ചർ (വെറൈറ്റി ഫർണിച്ചർ ഈരാറ്റുപേട്ട 11/23.03.23)	22000/-രൂപ
3	ഇൻവെർട്ടർ പോപ്പുലർ ട്രേഡേഴ്സ് ഈരാറ്റുപേട്ട R10005/03.04.23)	17000/-രൂപ
4	വാടക അഡ്വാൻസ്	5000/-രൂപ
5	ഈറ്റ വാങ്ങിയത് (13.04.23ലെക്യാഷ് ബുക്ക് പ്രകാരം)	13000/-രൂപ
6	ഈറ്റ വാങ്ങിയത് (05.07.23ലെക്യാഷ് ബുക്ക് പ്രകാരം)	11000/-രൂപ
7	ഓല. ഈർക്കൽ വാങ്ങിയത് (08.07.23ലെക്യാഷ് ബുക്ക് പ്രകാരം)	16500/- രൂപ
		100500/രൂപ

പ്രോജക്ട് ചെലവിന്റെ 75% മാത്രമാണ് സബ്സിഡിയായി അനുവദിക്കാവുന്നത്. ഇത് പ്രകാരം ആകെ അനുവദിക്കാവുന്ന സബ്സിഡി 75375/ (100500X75%) രൂപയാണ്. അനുവദിച്ചിട്ടുള്ളത് 157200/-രൂപയാണ്. 81825 /- (157200 – 75375) രൂപ അധിക സബ്സിഡി അനുവദിച്ചതായി കാണുന്നു. 20.11.2023 ൽ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ഷിനു ജോർജിന്റെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ലോൺ തുക പൂർണ്ണമായി സ്ഥാപനത്തിന്റെ കാര്യങ്ങൾക്കായി ചെലവഴിച്ചിട്ടില്ല എന്നും 17000/- രൂപ ചെലവഴിച്ച് വാങ്ങിയ ഇൻവെർട്ടർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല എന്നും ബോദ്ധ്യപ്പെട്ടിരുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് 31നകം പദ്ധതി പൂർത്തീകരിക്കേണ്ടതിനാൽ സബ്സിഡി മാറി നൽകിയതാണ് എന്നും ഗ്രൂപ്പ് ലോൺ തുക മുഴുവനായി പ്രോജക്ടിനായി വിനിയോഗിച്ചിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെലവഴിക്കാത്ത തുകയ്ക്ക് ആനുപാതികമായ സബ്സിഡി തുക തിരിച്ചടക്കണമെന്ന് ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയോടൊപ്പം ഐശ്വര്യ കുടിൽ വ്യവസായ കേന്ദ്രം സെക്രട്ടറി ലഭ്യമാക്കിയ മറുപടിയും ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയിൽ 23.11.23 ൽ 35100/- രൂപയും, ബാക്കി തുകയായ 46725/- രൂപ 23.12.2023 തീയതിയിലും പഞ്ചായത്തിൽ ഒടുക്കിക്കൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. അധിക സബ്സിഡിയായി അനുവദിച്ച 81825 /- രൂപയിൽ തിരികെ ഒടുക്കിയ 56760 രൂപ കുറച്ച് 25065/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി അറിയിക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി പരിഗണിക്കുന്നതാണ്.

3-2 ലൈഫ് ഭവന പദ്ധതി ഫണ്ട് ക്രമക്കേട്-വിജിലൻസ് കോടതിയിൽ സ്വകാര്യ അന്യായം ഫയൽ ചെയ്തത് ക്രമപ്രകാരമല്ല.

മുന്നിലവ് ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് മുൻ വി.ഇ.ഒ ജോൺസൻ ജോർജിനെതിരെ നിയമ നടപടി ഉണ്ടാകുന്നതിനായി ബഹു:വിജിലൻസ് കോടതിയിൽ സി.എം.പി ഫയൽ ചെയ്യുന്നതിനും കേസ് നടത്തുന്നതിനും ഗ്രാമ പഞ്ചായത്തിന് വേണ്ടി അഡ്വ: സൂരജ് എം കർത്തയെ നിയമിക്കുന്നതിനും കേസ് ഫയൽ ചെയ്യുന്നതിനും ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 23.03.22 തീയതിയിലെ 6/1 നമ്പരായി തീരുമാനിച്ചിരുന്നു. കേസിന്റെ നടത്തിപ്പിനായി അഡ്വ: സൂരജ് എം കർത്തയ്ക്ക് അഡ്വാൻസായി 15000 രൂപ നൽകുന്നതിനും, മൊത്തം ചെലവ് രൂപ 50000/-രൂപ ആകുന്നതിനാൽ കേസിന്റെ ചെലവിനായി പെർമിസീവ് സാങ്ഷൻ വാങ്ങുന്നതിനും തീരുമാനിച്ചിരുന്നു. 23.04.22ലെ അജണ്ട 8 തീരുമാനം (3) വൗച്ചർ നമ്പർ 22200012/21.04.22 പ്രകാരം അഡ്വ: സൂരജ് എം കർത്തയ്ക്ക് കേസ് നടത്തിപ്പിനായി അഡ്വാൻസായി 15000 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ1/17.11.23) നൽകിയിരുന്നു.

1) ജില്ല ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം

2) വിജിലൻസ് കോടതിയിൽ സി.എം.പി ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ടി കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ

മുന്നിലവ് ഗ്രാമപഞ്ചായത്തിലെ വി.ഇ.ഒ നടത്തിയ സാമ്പത്തിക ക്രമക്കേടും ധനാപഹരണവും സംബന്ധിച്ച് കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിന് മുമ്പാകെ പരാതി ലഭിച്ചിട്ടുള്ളതാണെന്നും ടി പരാതി അന്വേഷണത്തിൽ ഇരിക്കുന്നതാണെന്നും ,വിജിലൻസ് ടി സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്യാതെ വരികെയാണെങ്കിൽ മാത്രം വിജിലൻസ് കോടതിയിൽ സ്വകാര്യ അന്യായം ബോധിപ്പിക്കാവുന്നതാണെന്നും ,ആയതിനാൽ ടി സാഹചര്യം പരിഗണിച്ച് ഇപ്പോൾ വിജിലൻസിൽ സ്വകാര്യ അന്യായം ഫയൽ ചെയ്യുവാൻ സാധിക്കുന്നതല്ല എന്ന നിയമോപദേശമാണ് ജില്ലാ ഗവൺമെന്റ് പ്ലീഡർ & പബ്ലിക് പ്രോസിക്യൂട്ടർ കോട്ടയത്തിന്റെ 28.11.2022 ലെ കത്ത് പ്രകാരം ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ അഡ്വക്കറ്റിന് അഡ്വാൻസായി കേസ് നടത്തിപ്പിന് 15000 രൂപ നൽകിയത് അംഗീകരിക്കാവുന്നതല്ല. അഡ്വക്കറ്റിന് 15000/- രൂപ നൽകുന്നതിന് തീരുമാനം എടുത്ത് 23.04.22 പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത മെംബർമാരിൽ നിന്നും സെക്രട്ടറിയിൽ നിന്നും അഡ്വാൻസായി നൽകിയ 15000 രൂപ തിരികെ ഈടാക്കേണ്ടതാണ്. ബാധ്യത ചുമത്തിയ മെമ്പർമാരുടെയും സെക്രട്ടറിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം.	വാർഡിന്റെ പേര്	മെമ്പർമാരുടെ പേര്

1	ഇരുമാപ്ര	ഷാന്റിമോൾ സാം, പാറപ്ലാക്കൽ, ഇരുമാപ്രമറ്റം പി.ഒ
2	വാളകം	ജെയിംസ് മാമ്മൻ, ചെറുകാട്ടിൽ മേച്ചാൽ പി.ഒ
3	മേച്ചാൽ	പി.എൽ ജോസഫ്, പുതുമേനിക്കൽ മേച്ചാൽ പി.ഒ
4	പഴുക്കാനം	ജിൻസി ദാനിയേൽ, തലയ്ക്കശ്ശേരിൽ, മേച്ചാൽ പി.ഒ
5	മക്കൊമ്പ്	ലിൻസിമോൾ ജെയിംസ്, പിറ്റനാനിക്കൽ, ചൊവ്വൂർ പി.ഒ
6	വെള്ളറ	ജോഷി ജോഷ്വാ, തടത്തിപ്ലാക്കൽ, മൂന്നിലവ് പി.ഒ
7	അഞ്ചുമല	ഇത്തമ്മ മാത്യു, പല്ലാട്ട്, മൂന്നിലവ് പി.ഒ
8	മൂന്നിലവ്	റീന അമ്മിയാനിക്കൽ, മൂന്നിലവ് പി.ഒ
9	പെരുങ്കാവ്	മായാ അലക്സ്, കരോട്ട് പുത്തൻപുരയ്ക്കൽ മൂന്നിലവ് പി.ഒ
10	കുറിഞ്ഞിപ്ലാവ്	കൃഷ്ണൻ, ഈറ്റയ്ക്കല്, മൂന്നിലവ് പി.ഒ
11	ചകിണിയാംതടം	ചാർളി ഐസക്, പൊട്ടമുണ്ടയ്ക്കൽ, ഇരുമാപ്രമറ്റം പി.ഒ
12	പുതുശ്ശേരി	അജിത്ത് ജോർജ്ജ്, പെമ്പിളകുന്നേൽ, കളത്തുക്കടവ് പിഒ
13	തഴയ്ക്കവയൽ	ജോളി റ്റോമി, കുളത്തിനാൽ മൂന്നിലവ് പി.ഒ
14	റെനി സൈമൺ സെക്രട്ടറി	കുടിയാറ്റിൽ, മേലുകാവ് മറ്റം, മേലുകാവ്

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2022-23	07.07.2023	20.11.2023

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ഊരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്	100000	ഞങ്ങളും കൃഷിയിലേക്ക് സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (പ്രൊജക്ട് നം. 74/23)	100000	0
	100000	പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ (പ്രൊജക്ട് നം. 26/23)	100000	0
	100000	ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, ഡ്രസ്സ് അലവൻസ് (പ്രൊജക്ട് നം.86/23)	100000	0
	200000	8-ാം വാർഡിൽ ഫ്രണ്ട്സ് കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നം.234/23)	200000	0
	400000	കാടനാട് പഞ്ചായത്ത് കിണർ റോഡ്	400000	0

		കോൺക്രീറ്റിങ്ങും സംരക്ഷണ ഭിത്തി നിർമ്മാണവും (പ്രൊജക്ട് നം. 219/23)		
	480000	മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -ഇരുമാപ്ര മോസ്കോ ഭാഗത്തും അഞ്ചാം വാർഡിലെ മങ്കൊമ്പ് പള്ളിക്ക് സമീപവും (പ്രൊജക്ട് നം. 160/23)	480000	0
	10000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം.129/23)	10000	0
ആകെ	1390000		1390000	0
ജില്ലാ പഞ്ചായത്ത്	47500	ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്കൂൾ കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, ഡ്രസ്സ് അലവൻസ് (പ്രൊജക്ട് നം. 86/23)	47500	0
ആകെ	47500		47500	0

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.)	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കി
കെ എസ് ഇ ബി	39/23 - നിലാവ് പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ	459134	0	459134

	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ			
	191/23 - വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ 1,3,4,8,12,13	500000	0	500000
ഭൂജല വകുപ്പ്	215/23 - വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം	450000	0	450000
	14/23 - ഇരുമാപ്രമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം	384388	0	384388
	9/23 - കൂട്ടക്കല്ല് കുടിവെള്ള പദ്ധതി മെയിന്റനൻസ്	117192	0	117192
	51/23 - വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം.	339345	0	339345
	233/23 - അഞ്ചുകുടിയാർ കുടിവെള്ള പദ്ധതി	61000	0	61000
	234/23 - 8-ാം വാർഡിൽ ഫ്രണ്ട്സ് കോളനി കുടിവെള്ള പദ്ധതി	200000	0	200000

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
കെ.യു.ആർ. ഡി.എഫ്.സി	8195961	0	1801072	-	6394889*

2019 - 20 വർഷം വാർഷിക ധനകാര്യ പത്രിക പ്രകാരം തിരിച്ചടയ്ക്കുവാൻ അവശേഷിച്ച തുകയിൽ 961 രൂപയുടെ കുറവുണ്ടായിരുന്നു. ടി വ്യത്യാസം ഇതുവരെയും ക്രമീകരിച്ചിട്ടില്ല. 2022-23 വർഷത്തിലും തിരിച്ചടയ്ക്കാനുള്ള തുകയിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 961 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ആയത് പരിഹരിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം മൂന്നിലവ് ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങളില്ല .

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2	2016-17	1, അനുബന്ധം- 3	വസ്തു നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-4	2016-17	2, അനുബന്ധം- 4	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2015-16	2-5	2016-17	2,അനുബന്ധം-5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) **സംക്ഷിപ്ത വിവരം**

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (R ആൻഡ് P പ്രകാരം)	: 27312673
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (R ആൻഡ് P പ്രകാരം)	: 18203637
ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	61931850
ഓഡിറ്റ് വർഷത്തെ ആകെ	66179027

ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	
വരവിനങ്ങളിലുള്ള നഷ്ടം	: ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	: 40065
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	: 4975372

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	25065/-	സബിത കെ എം വി ഇ ഒ
3-2		15000/-	**<u>പഞ്ചായത്ത് മെമ്പർമാർ</u>** ഷാന്റിമോൾ സാം ജെയിംസ് മാമ്മൻ പി.എൽ ജോസഫ് ജിൻസി ദാനിയേൽ ലിൻസിമോൾ ജെയിംസ് ജോഷി ജോഷ്വാ ഇത്തമ്മ മാത്യു റീന അമ്മിയാനിക്കൽ മായാ അലക്സ് കൃഷ്ണൻ ചാർളി ഐസക് അജിത്ത് ജോർജ്ജ്, ജോളി റ്റോമി റെനി സൈമൺ, സെക്രട്ടറി
ആകെ		40065	

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	579000/-	എം. സൗമ്യ, സെക്രട്ടറി

1-25	210000/- 1549134/-	റെനി സൈമൺ, സെക്രട്ടറി എം. സൗമ്യ, സെക്രട്ടറി
1-27	80000/-	ദീപ്തി എസ്.ജി അസി. എഞ്ചിനീയർ
1-28	13030/-	ദീപ്തി എസ്.ജി അസി. എഞ്ചിനീയർ
1-29	1790941/-	ദീപ്തി എസ്.ജി അസി. എഞ്ചിനീയർ
1-33	87817/-	വിന്നിമോൾ, വെറ്ററിനറി സർജൻ
1-34	515450/-	ശോഭനകുമാരി, ഐസിഡിഎസ് സൂപ്പർവൈസർ
1-35	150000/-	അശ്വിനി, കൃഷി ഓഫീസർ
ആകെ	4975372	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
സബിത കെ എം വി ഇ ഒ	വി ഇ ഒ മൂന്നിലവ്	കൊന്നക്കൽ കടനാട് പി ഒ കോട്ടയം പിൻ -686653
ഷാന്റിമോൾ സാം, ജെയിംസ് മാമ്മൻ, പി.എൽ ജോസഫ്, ജിൻസി ദാനിയേൽ, ലിൻസിമോൾ ജെയിംസ്, ജോഷി ജോഷ്വാ, ഇത്തമ്മ മാത്യു, റീന അമ്മിയാനിക്കൽ, മായാ അലക്സ്, കൃഷ്ണൻ, ചാർളി ഐസക്,	മൂന്നിലവ് ഗ്രാമ പഞ്ചായത്ത് മെമ്പർമാർ	മെമ്പർമാർ ഷാന്റിമോൾ സാം, പാറപ്ലാക്കൽ, ഇരുമാപ്രമറ്റം പി.ഒ 686586 ജെയിംസ് മാമ്മൻ, ചെറുകാട്ടിൽ മേച്ചാൽ പി.ഒ 686652 പി.എൽ ജോസഫ്, പുതുമേനിക്കൽ മേച്ചാൽ പി.ഒ 686652 ജിൻസി ദാനിയേൽ, തലയ്ക്കശ്ശേരിൽ, മേച്ചാൽ പി.ഒ

	അജിത്ത് ജോർജ്ജ്, ജോളി റ്റോമി,		686652 ലിൻസിമോൾ ജെയിംസ്, പിറ്റനാനിക്കൽ, ചൊവ്വൂർ പി.ഒ 686586 ജോഷി ജോഷ്വാ, തടത്തിപ്ലാക്കൽ, മൂന്നിലവ് പി.ഒ 686586 ഇത്തമ്മ മാത്യു, പല്ലാട്ട്, മൂന്നിലവ് പി.ഒ 686586 റീന അമ്മിയാനിക്കൽ, മൂന്നിലവ് പി.ഒ686586 മായാ അലക്സ്, കരോട്ട് പുത്തൻപുരയ്ക്കൽ മൂന്നിലവ് പി.ഒ 686586 കൃഷ്ണൻ, ഈറ്റയ്ക്കൽ, മൂന്നിലവ് പി.ഒ 686586 ചാർളി ഐസക്, പൊട്ടമുണ്ടയ്ക്കൽ, ഇരുമാപ്രമറ്റം പി.ഒ 686586 അജിത്ത് ജോർജ്ജ്, പെമ്പിളകുന്നേൽ, കളത്തുക്കടവ് പിഒ 686579 ജോളി റ്റോമി, കുളത്തിനാൽ മൂന്നിലവ് പി.ഒ 686586
	റെനി സൈമൺ, സെക്രട്ടറി	സെക്രട്ടറി, അമരമ്പലം ഗ്രാമ പഞ്ചായത്ത്, മലപ്പുറം	കുടിയാറ്റിൽ, മേലുകാവ് മറ്റം, മേലുകാവ് -686652

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	ഖണ്ഡികകളുടെ എണ്ണം
1996-97 (ചെലവ്)	നം.എൽ..എഫ്.കെ.പി.2/778 /98/4.7.00/9.11.00	-
2003-04	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1360(4)/ 2.8.22	2
2006-07	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1360(7)/ 2.8.22	3
2008-09	നം.കെ.എസ്.എ-കെ.ടി.എം. പി.14/1935/2022/06.03.2023	2
2009-10	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1457(1)/ 2021/02.8.22	3
2010-11, 2011-12	നം.കെ.എസ്.എ-കെ.ടി.എം. പി.14/1934/2022/06.03.2023	2
2012-13, 13-14	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1457(3)/ 2021/2.8.22	8
2014-15	നം.കെ.എസ്.എ-കെ.ടി.എം. പി.14/1933/2022/06.03.2023	7
2015-16	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1163(11)/ 2022/17.8.22	10
2016-17	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1457(4)/ 2021/17.8.22	6
2017-18	നം.കെ.എസ്.എ-കെ.ടി.എം. പി.14/അദാ2022/1457(5)/ 2021/17.8.22	5
2018-19	നം.കെ.എസ്.എ- കെ.ടി.എം.പി14/1163(14) /2022/22.8.2022	9
2019-20	നം.കെ.എസ്.എ-കെ.ടി.എം.പി 14/1572/2022/09.0152023	8
2020-21	നം.കെ.എസ്.എ-കെ.ടി.എം.പി 14/1979/2022/8.05.2023	15

2021-22	നം.കെ.എസ്.എ-കെ.ടി.എം.പി 14/90/2023/14.07.2023	23

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 06-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Moonnilavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Moonnilavu Grama Panchayat for the year 2022-2023

Date: 23/12/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Moonnilavu Grama Panchayat for the Year 2022-2023.

1.Major Observations

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2023

2. Appropriation control register of specific purpose grant does not match with AFS entries.
3. Documents for verification of capital contribution accounted not provided. Capital contribution opening balance details, fundwise capital contribution of current year are not available.
4. Non-Disclosure of Assets. Assets not classified and evaluated. Asset register has not updated.

2.Other Observations

1. B5 schedule (KURDFC Loan) does not match with that of B16 Schedule (Prepaid Expenses).
2. All mandatory financial statements prescribed in accounting rules are not submitted for audit.
3.The loan register has not maintained in panchayath.
4. Adequate provision for doubtful debts are not provided.
5. The amount recorded as Net Increase in cash and cash equivalence in the cash flow statement and the amount recorded as Net cash generated by Operating + Investing + Financing Activity in the same statement are not equal.
6. Deposit register is not maintained peoperly
7. Entries in Advance register differs from AFS
8. Property Tax and Profession Tax demand registers do not match with Financial statements.

9. Depreciation of vehicles exceeds asset value
10. Advance amount of 200000/- deposited in Kerala Ground Water Department (GWD) has not accounted in Deposit head of account.
11. Block Panchayath share is not accounted as income.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്